

# ANNE'S Digest

JANUARY
2024




സിറോ മലബാർ സഭയുടെ
തലവനും പിതാവുമായ
മേജർ ആർച്ച് ബിഷപ്പ്
മാർ **റാഫേൽ തട്ടിലിന്**
സെന്റ് ആൻസ് ഇടവകയുടെ
പ്രാർത്ഥനാശംസകൾ...



## ST. ANNE'S CHURCH

WEST FORT, THRISSUR - 680 004.

# 39 – ാം ചരമദിനം

06-01-2024



## ഐനിക്കൽ പുതുക്കാടൻ റപ്പായി മകൻ

# പൗലോസ്

ജനനം : 06.11.1938   മരണം : 29.11.2023

സെന്റ് പയസ് കുടുംബകൂട്ടായ്മ



# സെന്റ് ആൻസ് ചർച്ച്, തൃശൂർ


തൃശൂർ – 680 004

**Vicar Personal Mob : 8903211951**
**Church Off: 8281832244**

web site:stanneschurchthrissur.com
e-mail : st.annesparishtcr@gmail.com
facebook : stannesparishtcr



വാല്യം: 35 | ലക്കം: 1


## പത്രാധിപസമിതി


- **ചീഫ് എഡിറ്റർ**
  റവ.ഫാ. ജോൺസൺ അന്തിക്കാടൻ 8903211951
- **എക്സി. എഡിറ്റർ**
  പോളി ആഗസ്റ്റിൻ കൂള 9446356857
- **സെക്രട്ടറി**
  ബിജി സജു 9947024137
- **ട്രഷറർ**
  ഫ്രാൻസി ആന്റണി 9447918438

**ബോർഡ് അംഗങ്ങൾ**

ഫ്രാൻസീസ് ചക്കാലയ്ക്കൽ 9074923401
ബിജു ആലപ്പാട്ട് 9847069639
ജോളി കുര്യാക്കോസ് 7293103400
അനിറ്റ ജോസ് 9400887792
സോളമൻ ബ്രഹ്മകുളം 9995402660
നോബിൾ പാട്രിക് 8907139955

- **കൈക്കാരന്മാർ**

ബിജു പൗലോസ് 8590951469
ബിജോയ് മൂക്കൻ 9745844224
ഡേവി പടിക്കല 9488515110
സോളമൻ ബ്രഹ്മകുളം 9995402660



## ഉള്ളടക്കം


എഡിറ്റോറിയൽ
ഇടയശബ്ദം
സ്നേഹിക്കുക എന്നാൽ
കുട്ടികളുടെ ടി.വി. ഭ്രമം
എങ്ങനെ നിയന്ത്രിക്കാം?
ഞങ്ങൾ വരവായ്, ഞങ്ങൾ യാത്രയായ്
അനുദിന വിശുദ്ധർ
ഓർമ്മിക്കേണ്ട വിശേഷപ്പെട്ട ദിവസങ്ങൾ
സഭാവാർത്തകൾ
പുതുവർഷ പൊൻപുലരി – വന്ദനം
കുടുംബകൂട്ടായ്മ വാർത്തകൾ
ആരാണ് ഞാൻ
വിദ്യാർത്ഥികളോട്
Fun with English: What's in a Word? (004)
ചോദിച്ചില്ലേലും ആഗ്രഹങ്ങൾ –
നിറവേറ്റുന്ന ഈശോ
കുടുംബക്ഷേമനിധി
ബൈബിൾ ക്വിസ്
കളറിങ്ങ് മത്സരം
അനുദിന ബൈബിൾ വായന



- **ദൈവാലയ ശുശ്രൂഷി**
  കെ.പി. വർഗ്ഗീസ് 9495462449
- **ക്ലർക്ക്**
  ചാക്കോ തെക്കിനിയത്ത് 9895105564
  ഫ്രാൻസിസ് തരൂക്കര 8281832244

# EDITORIAL



## പുതുവർഷദിനം അടുത്ത് വരികയാണ്.

ആളുകൾ പഴയ വർഷത്തോട് വിടപറയുകയും പുതിയ വർഷത്തെ സ്വാഗതം ചെയ്യുകയും ചെയ്യുന്നത് സന്തോഷത്തിന്റെയും ആവേശത്തിന്റെയും സമയമാണ്. ഭൂതകാലത്തെ ഉപേക്ഷിച്ച് പുതിയ തുടക്കത്തിന്റെ, പ്രതീക്ഷയുടെ പുത്തൻ നാമ്പുകൾ തളിർക്കാൻ, പുതിയ തീരുമാനങ്ങളുടെ പൂർത്തീകരണങ്ങൾക്കായി തയ്യാറെടുക്കാൻ മനസ്സിനെ പ്രാപ്തമാക്കാൻ ഒരുങ്ങുന്ന ദിനം. പോയ വർഷം നല്ലതും ചീത്തയുമായ പല കാര്യങ്ങളും സംഭവിച്ചിട്ടുണ്ടാകും. അതിൽ നല്ല ഓർമകളെ മാത്രം കൂടെ കൂട്ടുകയും, ഓർക്കാൻ ആഗ്രഹിക്കാത്ത കാര്യങ്ങൾ മറന്നുകളയുകയും ചെയ്യാം.

നമ്മൾ നല്ല പ്രതീക്ഷകൾ സ്വയം സൂക്ഷിക്കുന്നതോടൊപ്പം മറ്റുള്ളവർക്ക് സന്തോഷവും പ്രതീക്ഷയും നൽകുകയും വേണം.

വർഷാന്ത്യത്തോടനുബന്ധിച്ച് വാട്സ്ആപ്പിൽ വന്ന ഒരു ചിന്ത രസിപ്പിക്കുന്നതായിരുന്നു. കലണ്ടർ മാത്രമേ മാറിയിട്ടുള്ളൂ. ഭാര്യയും കടങ്ങളും വീടും സുഹൃത്തുക്കളും എല്ലാം പഴയതുതന്നെയാണ്. അതുകൊണ്ട് അധികം സന്തോഷിക്കേണ്ട.

ഞാൻ ഇപ്രകാരം ചിന്തിക്കുകയാണ്. ഒരു ഡിസംബർ 31ൽ നിന്നു ജനുവരി ഒന്നിലേക്കുള്ള വെറുമൊരു മാറ്റമാണോ പുതിയ വർഷം? അതോ നമ്മുടെ മനോഭാവങ്ങൾക്ക് ഉണ്ടാകേണ്ടുന്ന മാറ്റമോ? സാഹചര്യങ്ങൾ എല്ലാം പഴയതുപോലെ തുടരുമ്പോൾ നാം എപ്രകാരം സ്വയം മാറാൻ ശ്രമിക്കും എന്നതിനെ ആശ്രയിച്ചിരിക്കും പുതുവർഷവിജയം.

ബൈബിൾ പറയുന്നതുപോലെ വിളക്ക് കത്തിച്ചു പറയിൻകീഴല്ല തുണ്ടിന്റെ മുകളിലത്രേ വെക്കേണ്ടത്. എങ്കിൽ മാത്രമേ അത് മറ്റുള്ളവർക്ക് പ്രകാശമാകൂ. നമ്മിൽ പകരപ്പെട്ടിരിക്കുന്ന വെളിച്ചം മറ്റുള്ളവരിലേക്ക് കൂടി പങ്കുവയ്ക്കപ്പെടണം. പുതുവർഷത്തിൽ അനുഗ്രഹം പ്രാപിക്കാൻ വേണ്ടി മാത്രം ആഗ്രഹിക്കാതെ, മറ്റുള്ളവരെ അനുഗ്രഹിക്കുവാനും കരുതുവാനും സ്നേഹിക്കുവാനുമുള്ള മനോഭാവം നമ്മിൽ ഉണ്ടാകണം. കൊടുക്കുവിൻ എന്നാൽ നിങ്ങൾക്ക് അമർത്തി കുലുക്കി കവിയുന്ന നല്ല അളവ് ലഭിക്കും. അങ്ങനെയെങ്കിൽ മാറ്റത്തിന്റെ കാഹളം നമ്മുടെ ഉള്ളിൽ നിന്നും തന്നെ മുഴങ്ങട്ടെ. നാം മാറും, സമൂഹം മാറും, ലോകവും മാറും അതുതന്നെയാകണം ഈ പുതുവർഷത്തിന്റെ മഹത്തായ ചിന്ത.

***എവർക്കും പുതുവത്സര ആശംസകൾ നേരുന്നു.***

പത്രാധിപസമിതി




# ഒരിക്കൽ കൂടെ ചോദിക്കാം - "ഇങ്ങനെ മതിയോ"?

ഇങ്ങനെ മതിയോ എന്ന ചോദ്യമായിരുന്നു 2023 ജനുവരി മാസത്തിൽ ഞാൻ നിങ്ങളുടെ മുമ്പിൽ വച്ചത്. അത് അതേപടി ഒന്നുകൂടെ കുറിച്ചുവയ്ക്കുകയാണ്. ഈ ജനുവരിയിൽ എനിക്ക് പറയാനുള്ളത് പുറകേ പറഞ്ഞുകൊള്ളാം.

2022 നോട് യാത്ര പറഞ്ഞ് നമ്മൾ 2023 ൽ എത്തിനിൽക്കുമ്പോൾ ഞാൻ എന്നോട് തന്നെ ആവർത്തിച്ച് ചോദിക്കുന്ന ചോദ്യമാണ് ഇങ്ങനെ മതിയോ എന്നത്?

അതിനർത്ഥം ഞാൻ ഒന്നിനും കൊള്ളാത്തവനെന്നല്ല, അതിനർത്ഥം ഞാനൊരു കൊഴപ്പക്കാരനെന്നല്ല, അതിനർത്ഥം ഞാൻ എന്തൊക്കെയോ ശരിയല്ലാത്തത് ചെയ്യുന്നു എന്നല്ല, അതിനർത്ഥം ഞാൻ എന്റെ ഉത്തരവാദിത്തങ്ങളൊന്നും ചെയ്യുന്നില്ല എന്നല്ല. ഇങ്ങനെ മതിയോ എന്ന് ഞാൻ എന്നോട് തന്നെ ചോദിക്കുമ്പോൾ എന്റെ കുറേ ദോഷവശങ്ങളെക്കുറിച്ചല്ല ഞാൻ ചിന്തിക്കുന്നത്.

എന്നിലുള്ള ചില നന്മകളെ കുറെക്കൂടെ മെച്ചപ്പെടുത്താനാകുമോ എന്നാണ് ആത്മവിമർശനബുദ്ധിയോടെ ഞാൻ ചിന്തിക്കുന്നത്; എന്നോട് തന്നെ ചോദിക്കുന്നത്.

ഞാൻ എന്ന വികാരിയച്ചൻ ചിന്തിക്കുന്നു;

ഞാൻ ഇങ്ങനെ ബലിയർപ്പിച്ചാൽ മതിയോ? അതോ കുറച്ചുകൂടെ ഭക്തിയോടെ, തീക്ഷ്ണതയോടെ ബലിയർപ്പിക്കാൻ എനിക്ക് പറ്റുമോ? ഞാൻ ഇടവകകുടുംബത്തിലെ അംഗങ്ങളോട് ഇടപെടുന്നത് ഇങ്ങനെ

മതിയോ? അതോ കൂറേക്കൂടെ സ്നേഹത്തിലും സൗഹൃദഭാവത്തിലും ആളുകളുമായി സംസാരിക്കാനും പെരുമാറാനും എനിക്ക് സാധിക്കുമോ? വികാരിയച്ചനെന്ന നിലയിൽ ഞാൻ ചെയ്യേണ്ട കാര്യങ്ങൾ ഇങ്ങനെ ചെയ്താൽ മതിയോ? അതോ കുറേ കൂടെ വ്യത്യാസപ്പെട്ട രീതിയിൽ ചെയ്യണമെന്നാണോ ഈശോ ആഗ്രഹിക്കുന്നത്? ഇത്തരം ചിന്തകളുടെ ആകെത്തുകയാണ് ഇങ്ങനെ മതിയോ? എന്ന ചോദ്യം!

ഇത് വായിക്കുന്ന അപ്പനും അമ്മയും, ഭാര്യയും ഭർത്താവും, മകനും മകളും, തൊഴിലാളിയും തൊഴിലുടമയും, അദ്ധ്യാപകനും വിദ്യാർത്ഥിയും, സർക്കാർ ജീവനക്കാരനും കൂലിപ്പണിക്കാരനും അവരവരുടെ ജീവിതാവസ്ഥയോടും ജീവിതത്തിന്റെ മറ്റ് സാഹചര്യങ്ങളോടും ബന്ധപ്പെടുത്തി ഇത്തരം ചില ചോദ്യങ്ങൾ ചോദിച്ചിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിക്കുന്നു.

സെന്റ് ആൻസ് ഇടവകകുടുംബത്തിലെ അംഗങ്ങളെന്ന നിലയിലും ചില ചോദ്യങ്ങൾ ചോദിക്കാൻ നമുക്ക് കഴിയട്ടെ. എന്റെ ഇടവകയോടും ഇടവകയുടെ വിവിധ പ്രവർത്തനങ്ങളോടുമുള്ള എന്റെ സമീപനവും സഹകരണവും ഇങ്ങനെ മതിയോ? എന്റെ ഞായറാഴ്ച ആചരണവും ബലിയർപ്പണത്തിന് ഞാൻ നൽകുന്ന പ്രാധാന്യവും ഇങ്ങനെ മതിയോ? കുടുംബപ്രാർത്ഥനയും കുമ്പസാരവും നോമ്പും ഉപവാസവും മറ്റ് ആത്മീയ കാര്യങ്ങളുമൊക്കെ ഇങ്ങനെ മതിയോ?

ജീവിതത്തിന്റെ വിവിധ മേഖലകളിൽ എന്നെ കണ്ട് പഠിക്കുന്ന എന്റെ മക്കൾക്ക് മാതൃക നൽകുന്ന കാര്യത്തിൽ ഞാൻ ഇങ്ങനെ മതിയോ? ഒരു ക്രിസ്ത്യാനിയെന്ന നിലയിൽ സ്കൂളിലും കോളേജിലും ജോലി സ്ഥലത്തും വ്യാപാരരംഗത്തും രാഷ്ട്രീയ സാമൂഹ്യരംഗങ്ങളിലും ഞാൻ ഇങ്ങനെ മതിയോ?

മാതാപിതാക്കളോട്, പങ്കാളിയോട്, മക്കളോട്, കൂടപ്പിറപ്പുകളോട്, കുടുംബാംഗങ്ങളോട്, ബന്ധുക്കളോട്, സുഹൃത്തുക്കളോട്, ചുറ്റുപാടുമുള്ള കുടുംബങ്ങളോടൊക്കെയുള്ള ബന്ധങ്ങളിൽ ഞാൻ, എന്റെ കുടുംബം ഇങ്ങനെ മതിയോ?

മേൽപ്പറഞ്ഞ കാര്യങ്ങളിൽ പലതും നമ്മൾ ഒരുവിധമൊക്കെ നന്നായി ചെയ്യുന്നുണ്ടാകാം. മെച്ചപ്പെടുത്താനുണ്ടെങ്കിൽ ഈ പുതുവർഷത്തിൽ അതിനായി ശ്രമിക്കാം.

പ്രിയപ്പെട്ടവരേ, 2023 എന്ന കഴിഞ്ഞുപോയ ഒരു വർഷത്തിൽ ചില ചോദ്യങ്ങൾ ചോദിക്കാനും, ആ ചോദ്യങ്ങൾക്ക് കിട്ടുന്ന ഉത്തരങ്ങൾക്കനുസരിച്ച് ജീവിതത്തിന്റെ വിവിധ മേഖലകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താനും ഞാനും നിങ്ങളും ശ്രമിക്കുകയായിരുന്നു. ദൈവാനുഗ്രഹത്താൽ എന്റെ പരിശ്രമത്തിൽ കുറേയൊക്കെ ഞാൻ വിജയിച്ചു എന്നാണ് ഞാൻ വിലയിരുത്തുന്നത്. എന്നെ ഞാൻ തന്നെ വിലയിരുത്തുന്നതിന്റെ ഒരു ഭംഗിക്കുറവ് ഞാൻ മനസ്സിലാക്കുന്നുണ്ട്! എങ്കിലും.

നമ്മുടെ ഇടവകയുടെ ആത്മീയാന്തരീക്ഷത്തിലും, മറ്റ് പൊതുകാര്യങ്ങളിലും 2022 നേക്കാൾ 2023ൽ നമ്മൾ കുറച്ചുകൂടെ മെച്ചമായിട്ടുണ്ടെന്നാണ് ഞാൻ കരുതുന്നത്. ഞാൻ ഇത് പറയുമ്പോൾ ജനുവരിമുതൽ ഡിസംബർ വരെയുള്ള ഓരോ മാസത്തിലും നടന്നകാര്യങ്ങളും അതിനോടുള്ള ഇടവക സമൂഹത്തിന്റെ പ്രതികരണവും സഹകരണവുമൊക്കെ എന്റെ മനസ്സിലുണ്ട്. നമ്മൾ എല്ലാ കാര്യത്തിലും 100% ശരിയായി എന്നോ പൂർണ്ണരായി എന്നോ ഒന്നുമല്ല ഞാൻ പറഞ്ഞ് വയ്ക്കുന്നത്. ഇടവകയെ പൊതുവിൽ വിലയിരുത്തുമ്പോൾ നമ്മുടെ ഗ്രാഫ് മുകളിലേക്കാണ് എന്നാണ് നന്ദിയോടെ സ്നേഹത്തോടെ ഞാൻ വിലയിരുത്തുന്നത്.

നമ്മുടെ ശ്രമം ഈ പുതുവർഷത്തിലും തുടരാൻ കഴിയട്ടെ. അടുത്ത വർഷം കുറേകൂടെ മെച്ചപ്പെട്ടു എന്ന് ശങ്കകൂടാതെ അഭിമാനത്തോടെ പറയാൻ നമുക്ക് സാധിക്കട്ടെ. ഇങ്ങനെ മതിയോ എന്ന് കഴിഞ്ഞ വർഷം ചോദിച്ച ഓരോ മേഖലയിലും ഈ വർഷവും നമുക്ക് ചോദിക്കാം **– ഇങ്ങനെ മതിയോ?**

സസ്നേഹം

**ജോൺസനച്ചൻ.**





വസ്ത്രങ്ങൾക്കും
റെഡിമെയ്ഡ് ഡ്രസുകൾക്കും
സുവർണ്ണ
മുൻസിപ്പൽ ഷോപ്പിംഗ് സെന്റർ
പടിഞ്ഞാറെ കോട്ട, തൃശ്ശൂർ
Ph : 2381588, Mob : 9895086914
നിങ്ങളുടെ സ്വപ്നങ്ങൾ
'സുവർണ്ണയിൽ'ക്കൂടി
യാഥാർത്ഥ്യമാക്കൂ.



# സ്നേഹിക്കുക എന്നാൽ...



**സി. മേഴ്സി ചാലക്കൽ**
S.L.M.I

സ്നേഹിക്കുക എന്നാൽ മറ്റൊരാളുടെ നന്മയേയും വളർച്ചയേയും ആഗ്രഹിക്കുക, അതിൽ ആനന്ദിക്കുക എന്നാണ്. തിരിച്ചടിയ്ക്കാൻ കഴിവുണ്ടായിട്ടും തിരിച്ചടിക്കാതെ അനുഗ്രഹിക്കുക എന്നതാണ് സ്നേഹം. പരാതിയില്ലാതെ മൗനമായി സഹിക്കുന്നതാണ് സ്നേഹം. മറ്റുള്ളവർ നമുക്ക് നൽകിയിട്ടുള്ള ദ്രോഹങ്ങളും, വേദനകളും മറന്നുകളയാൻ കഴിഞ്ഞാൽ അതും സ്നേഹമാണ്. ക്ഷമക്ക് അർഹതയില്ലാത്തവർക്കും ക്ഷമയും അനുഗ്രഹവും പ്രാർത്ഥനയും നൽകാൻ കഴിഞ്ഞാലും അതും സ്നേഹമാണ്. സ്നേഹിക്കുക എന്നാൽ, വിട്ടുകൊടുക്കുക, തോറ്റുകൊടുക്കുക, പങ്കുവെയ്ക്കുക എന്നാണ്.

മറ്റുള്ളവരുടെ ആവശ്യങ്ങൾ അവർ പറയാതെ തന്നെ അറിഞ്ഞ് അവർക്ക് കൊടുക്കുന്നതാണ് സ്നേഹം. നീ ഒരിക്കലും എന്റെ മുമ്പിൽ തോൽക്കരുത്, ചെറുതാകരുത് മാത്രമല്ല നീ എപ്പോഴും ജയിക്കണം എന്ന മനോഭാവം സ്നേഹമാണ്. സ്നേഹിക്കുക എന്നാൽ, നീ സഹിക്കാതിരിക്കാൻ, ഞാൻ സഹിച്ചോളാം എന്ന മനോഭാവമാണ്.

എല്ലാവരാലും വെറുക്കപ്പെടുമ്പോഴും ആരേയും വെറുക്കാതെ സ്നേഹിക്കുക. എല്ലാവരും കുറ്റപ്പെടുത്തുമ്പോഴും ആരേയും കുറ്റപ്പെടുത്താതെയും, വിധിക്കാതെയും സ്നേഹിക്കുക. ആരേയും മനസ്സുകൊണ്ട് ശപിക്കാതെ സ്നേഹിക്കുക. ആരേയും കളിയാക്കാതെ സ്നേഹിക്കുക.

2023ന്റെ അസ്തമനം കഴിഞ്ഞു. 2024ന്റെ വാതിൽ തുറക്കപ്പെട്ടിരിക്കുന്നു. കഴിഞ്ഞവർഷം നമ്മോടുകൂടെ നടന്നവർ പലരും ഇന്നില്ല. ആയുസ്സ് നീട്ടിത്തന്ന ദൈവത്തിന് നന്ദിയർപ്പിച്ച് പുതുവർഷത്തിലേക്ക് കടക്കാം. വലിയ പ്രതീക്ഷകളോടെയാണ് പുതുവർഷത്തിലേക്ക് നാം പ്രവേശിക്കുന്നത്. പുതുവർഷം പുതിയ പുതിയ തീരുമാനങ്ങളും പ്രതീക്ഷകളുമായിട്ടാണ് ആരംഭിക്കുന്നത്. എന്നാൽ വിടപറഞ്ഞ 2023നെ വിലയിരു

ത്തുമ്പോൾ അതു നമുക്ക് സമ്മാനിച്ച സന്തോഷങ്ങളുണ്ട്, നൊമ്പരങ്ങളുണ്ട്, പ്രതീക്ഷകളുണ്ട്. 2024നെ മുമ്പിൽ കാണുമ്പോൾ നമുക്കു പ്രതീക്ഷകൾ മാത്രമാണ് മുന്നിലുള്ളത്. അതുകൊണ്ട് 2024 സന്തോഷത്തിന്റെയും സമാധാനത്തിന്റേയും, ഐശ്വര്യത്തിന്റേയും പുതുവർഷമാകാൻ എല്ലാവരെയും നമുക്ക് സനേഹിക്കാം....എല്ലാവർക്കും

*Happy New Year*

---

## 2024 ഫെബ്രുവരി 3,4 തിയ്യതികളിൽ നടക്കുന്ന വി. സെബസ്ത്യാനോസിന്റെ തിരുനാൾ ആഘോഷകമ്മിറ്റി

| | |
|---|---|
| ചെയർമാൻ & വികാരി | : **ഫാ. ജോൺസൻ അന്തിക്കാടൻ** |
| വൈസ് ചെയർമാൻ & കൈക്കാരന്മാർ : | **ബിജു പൗലോസ്**<br>**ബിജോയ് മൂക്കൻ**<br>**ഡേവി പടിക്കല**<br>**സോളമൻ ബ്രഹ്മകുളം** |
| ജന. കൺവീനർ | : **ഫ്രാൻസി ആന്റണി വള്ളുകുളം** |
| ലിറ്റർജി കൺവീനർ | : **സി. ഡെയ്സി SLMI** |
| ഫിനാൻസ് കൺവീനർ | : **ലിബിസൻ ബേബി** |
| പബ്ലിസിറ്റി കൺവീനർ | : **ബിജു കോമ്പാറ** |
| ദീപാലങ്കാരം കൺവീനർ | : **ബിജു ആലപ്പാട്ട്** |
| വെടിക്കെട്ട് കൺവീനർ | : **നിജോ മൈക്കിൾ** |
| നേർച്ച, അമ്പ് കൺവീനർ | : **ജോയ്സി കൊക്കാലി** |
| നേർച്ച തയ്യാറാക്കൽ കൺവീനർ | : **മല്ലിക ബേബി** |
| അമ്പ് തിരുനാൾ പ്രദക്ഷിണം കൺവീനർ | : **നിജോ ജോർജ്ജ്** |



# കുട്ടികളുടെ ടി.വി. ഭ്രമം എങ്ങനെ നിയന്ത്രിക്കാം?



ഫാ. വർഗ്ഗീസ് പാറപ്പുറം വി.സി.

കേരളത്തിലെ ഒരു കൊച്ചു ഗ്രാമത്തിൽ ഏഴാം ക്ലാസ്സിൽ പഠിച്ചിരുന്ന ഒരു 12 വയസ്സുകാരി ആത്മഹത്യ ചെയ്തു. കാരണം ജീവിത നൈരാശ്യമൊന്നുമല്ല. കുറച്ചു ദിവസം മുൻപ് ടി. വി. യിൽ കണ്ട സിനിമയാണ് കുട്ടിയെ ആത്മഹത്യയ്ക്ക് പ്രേരിപ്പിച്ചത്. സിനിമയിൽ നായകൻ ഒരു കുറിപ്പെഴുതിവച്ചതിനുശേഷം തുങ്ങിമരിക്കാൻ ശ്രമിക്കുമ്പോൾ തക്കസമയത്ത് ചിലർ ഓടിവന്ന് അയാളെ രക്ഷിച്ചു. കുറിപ്പെഴുതിവച്ചശേഷം ആത്മഹത്യചെയ്ത നമ്മുടെ 12 വയസ്സുകാരിയും അങ്ങനെ ആരെങ്കിലും വന്ന് തന്നെ രക്ഷിക്കുമെന്നു കണക്കുകൂട്ടിയത്രേ. പക്ഷേ കുട്ടിയെ രക്ഷിക്കാൻ ആരു വരാനാണ് അങ്ങനെ മാതാപിതാക്കളേയും കുടുംബാംഗങ്ങളേയും തോരാത്ത കണ്ണീരിലാഴ്ത്തി ആ കുരുന്നു ജീവിതം ടി. വി. സിനിമയുടെ രക്തസാക്ഷിയായി. കേരളത്തിൽ ഇന്ന് ടി.വിയും കടന്ന് ഇന്റർനെറ്റും ഐഫോണും ഒക്കെ എല്ലായിടത്തും എത്തിക്കഴിഞ്ഞു. സ്വന്തം വീട്ടിൽ ഇന്റർനെറ്റില്ലാത്തവർ അതുള്ള സുഹൃത്തുക്കളുടെ വീട്ടിലോ നെറ്റ് കഫേയിലോ പോകും. അതിനാൽ ടെലിവിഷന്റെയും ഇന്റർനെറ്റിന്റെയും സ്വാധീനത്തിൽ നിന്ന് ആരും മുക്തരല്ലാത്ത അവസ്ഥയായിരിക്കുന്നു. ഇത്തരുണത്തിൽ ടെലിവിഷനും ഇന്റർനെറ്റും അതിലെ പരിപാടികളും നമ്മുടെ സമൂഹത്തിൽ, വിശേഷിച്ച് കുട്ടികളിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ച് നാം ഗൗരവപൂർവം ചിന്തിക്കേണ്ടതാണ്. ഇവയിൽത്തന്നെ ടി.വിയാണ് കൂടുതൽ വ്യാപകമെന്നതിനാൽ നമുക്കാ വിഷയം പരിഗണിക്കാം.

യൂറോപ്പിലും അമേരിക്കയിലും ടി.വി. പ്രചരിച്ചത് പ്രധാനമായും 1950-നും '60-നും ഇടയ്ക്കുള്ള കാലഘട്ടത്തിലാണ്. അവിടങ്ങളിൽ അത് സമൂഹത്തിലും മനുഷ്യരുടെ ജീവിതശൈലിയിലും വരുത്തിയ മാറ്റങ്ങളെക്കുറിച്ച് ഗവേഷകർ പഠിച്ചിട്ടുണ്ട്. അവരുടെ നിഗമനങ്ങൾ ഒട്ടൊക്കെ നമുക്കും ബാധകമാകാതിരിക്കില്ല.

ടെലിവിഷൻ പരിപാടികൾ കാണുന്നതുകൊണ്ട് തീർച്ചയായും ചില ഗുണങ്ങളുണ്ട്. ടി.വി. യുടെ ആവിർഭാവത്തോടെ ലോകം ഒരു ചെറു ഗ്രാമമായിത്തീർന്നിരിക്കുന്നു. ഭൂഗോളത്തിന്റെ ഏതുകോണിൽ നടക്കുന്ന

സംഭവങ്ങളും സ്വന്തം വീട്ടിലിരുന്ന് നമുക്ക് തത്സമയം കാണാം. ഒപ്പം ഇന്റർനെറ്റും കൂടുമ്പോൾ വിനോദത്തിന്റേയും വിജ്ഞാനത്തിന്റേയും വിശാലമായ ഒരു ലോകം നമ്മുടെ കൺമുൻപിൽ വന്നുനിറയുന്നു. വാർത്തയും വിജ്ഞാനപ്രദമായ മറ്റുപരിപാടികളും മനുഷ്യന്റെ അറിവും സംസ്ക്കാരവും വർദ്ധിപ്പിക്കാതിരിക്കില്ല. അങ്ങനെ നോക്കുമ്പോൾ ടി.വിയുടെ സാധ്യതകൾ അനന്തമാണ്. എന്നാൽ അനവധാനതയോടെ ഉപയോഗിക്കുമ്പോൾ പല അപകടങ്ങളും ഇവ വരുത്തിവെക്കും. ഇതിന്റെ വിനാശകരമായ സ്വാധീനത്തിന് ഏറ്റവും കൂടുതൽ ഇരയാകുന്നതോ, കുട്ടികളും.

മനഃശാസ്ത്രജ്ഞന്മാരുടെ വീക്ഷണങ്ങളിൽ, കുട്ടികളുടെ വ്യക്തിത്വവികസനത്തിൽ കളികൾക്ക് വലിയ സ്ഥാനമുണ്ട്. കൊണ്ടും കൊടുത്തും മറ്റുള്ളവരുമായി ഇടപഴകാൻ കുട്ടിക്ക് അവസരം ഒരുക്കുന്നത് കളികളാണ്. ആരോഗ്യകരമായി മത്സരിക്കാനും ജയിക്കാനും ചിലപ്പോൾ തോൽക്കാനും കുട്ടി പഠിക്കുന്നു. കളിയിലെ തോൽവിയുമായി പൊരുത്തപ്പെടാൻ പഠിക്കുന്ന കുട്ടി ജീവിതത്തിലെ അനിവാര്യ പരാജയങ്ങളെ പതറാതെ സമചിത്തതയോടെ നേരിടാൻ പ്രാപ്തനാകും. കൂടാതെ ശിശുമനഃശാസ്ത്രജ്ഞനായ പിയാഷെ (Piaget)യുടെ അഭിപ്രായത്തിൽ, കളികളിലൂടെയാണ് കുട്ടിയുടെ സർഗശക്തിയും പ്രതിഭയും ഭാവനയും കർമശേഷിയും ബുദ്ധിയുടെ പ്രവർത്തനങ്ങളും വളർന്ന് വികസിക്കുന്നത്.

ഒഴിവ് സമയം മുഴുവൻ ടി.വി. യുടെ മുമ്പിലിരിക്കുന്ന കുട്ടികളികളിൽ പങ്കെടുക്കുന്നില്ല. തത്ഫലമായി കളിയിലൂടെ ലഭിക്കേണ്ട വ്യക്തിത്വവികാസം കുട്ടിക്കു ലഭിക്കാതെ പോകും. ടി. വി. യിലൂടെ വിനോദം അന്വേഷിക്കുന്ന കുട്ടിയിൽ വേറെയും അപവികാസം സംഭവിക്കുന്നു. ടി.വി. കാണുന്നവൻ കേവലം കാഴ്ച്ചുക്കാരനാണ്. സ്വന്തം പ്രതിഭയും കർമശേഷിയും ഉപയോഗപ്പെടുത്തി അയാൾക്ക് ഒന്നും ചെയ്യാനാവില്ല. ഏതാനും വർഷങ്ങൾ ഇങ്ങനെ കേവലം കാഴ്ചക്കാരനായി തുടരുമ്പോൾ കുട്ടിയുടെ കർമോത്സുകത നഷ്ടപ്പെട്ട് അവൻ നിഷ്ക്രിയനും നിരുത്സാഹിയും സ്വന്തം കഴിവ് കണ്ടെത്തി വികസിപ്പിക്കുന്നതിൽ ശ്രദ്ധയില്ലാത്തവനുമാകുന്നു.

കുട്ടികളുടെ അതിപ്രധാനമായ ഒരു സ്വഭാവമാണ് അനുകരണം. ജോസഫ് വോൾപ്പെ, ആൽബർട്ട് ബൺടൂര തുടങ്ങിയ മനഃശ്ശസ്ത്രജ്ഞന്മാർ ഇക്കാര്യം ശാസ്ത്രീയമായി തെളിയിച്ചിട്ടുണ്ട് ടി.വി.യിലും സിനിമയിലും ധാരാളം പ്രത്യക്ഷപ്പെടുന്ന കാര്യങ്ങളാണ് അക്രമവും പ്രേമ-ലൈംഗിക രംഗങ്ങളും. അങ്ങനെയാണല്ലോ പരിപാടികൾ കൂടുതൽ ആകർഷകമാക്കുന്നത്. യൂറോപ്പിലും അമേരിക്കയിലും പെരുകി വഷളായ ലൈംഗിക അരാജകത്വത്തിന്റെയും അക്രമത്തിന്റെയും മുഖ്യ പ്രേരണ ടി.വി.യായിരുന്നു. ഇന്ത്യയിലെ ടെലിവിഷൻ പരിപാടികളിൽ ഇത്തരം രംഗങ്ങൾ വ്യാപകമായിക്കഴിഞ്ഞു. ഈ രംഗങ്ങൾ കാണുന്ന നമ്മുടെ കുട്ടികൾ അവ അനുകരിക്കാൻ തുടങ്ങിയാൽ കാര്യങ്ങൾ എവിടെ ചെന്നു നിൽക്കുമെന്ന് ഊഹിക്കുകയേവേണ്ടു.

ടി.വി. പ്രേക്ഷകരായ കുട്ടികളെ വശീകരിക്കുന്ന മറ്റൊരു വിപത്താണ് പരസ്യങ്ങൾ. സാമ്പത്തിക സാമൂഹ്യ തലങ്ങളിലെ ഉയർന്ന ശ്രേണിയിൽപ്പെടുന്നവർ ഉപയോഗിക്കുന്ന വിലയേറിയ വസ്തുക്കളുടെ ആകർഷകമായ പരസ്യം കാണുന്ന കുട്ടികളിൽ അവ ഉപയോഗിക്കാനുള്ള ആഗ്രഹം ജനിക്കും. എന്നാൽ, അവ വാങ്ങാനോ ഉപയോഗിക്കാനോ തങ്ങൾക്ക് സാധിക്കാതെ വരുമ്പോൾ വലിയ അപകർഷതയും അമർഷവും സമൂഹത്തോട് വെറുപ്പും കുട്ടികളിൽ ജനിക്കാതിരിക്കില്ല. അക്രമമാർഗമുപയോഗിച്ചോ, ശരീരംവിറ്റുപോലുമോ പണമുണ്ടാക്കി ആ വസ്തുക്കൾ വാങ്ങി ഉപയോഗിക്കാൻ അവർ പ്രേരിപ്പിക്കപ്പെടുകയും ചെയ്യും. ഗുണ്ടാ പ്രവർത്തനം, മോഷണം, വ്യഭിചാരം എന്നിവയുടെ ഇന്നത്തെ ഭീകരമായ വ്യാപനം ഇതിനു തെളിവാണ്.

ജോലിയും പഠനവും കഴിഞ്ഞ് വിശ്രമസമയം മുഴുവൻ കുടുംബാംഗങ്ങൾ ടി.വി. യുടെ മുൻപിൽ ചിലവഴിച്ചാൽ മാതാപിതാക്കളും മക്കളും തമ്മിൽ വൈകാരികോഷ്മളതയുള്ള ദൃഢമായ സ്നേഹബന്ധം ഉടലെടുക്കുകയില്ല. ആശയാഭിലാഷങ്ങൾ പങ്കുവെക്കുവാനും ഗാഢമായ സ്നേഹബന്ധത്തിൽ വളരുവാനുമുള്ള അവസരം ഇങ്ങനെ നഷ്ടപ്പെടുന്നു. പകരം മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധത്തിൽ ഉപരിപ്ലവകതയും യാന്ത്രികതയും സ്വാർത്ഥതയും മറ്റുള്ളവരെ ഉപയോഗിക്കുന്ന മനഃസ്ഥിതിയുമായിരിക്കും രൂപപ്പെടുക. അതോടെ നാം ഏറെ വിലമതിക്കുന്ന കുടുംബഭദ്രതയുടെ അടിത്തറ ഇളകും. മാതാപിതാക്കൾ വൃദ്ധരും ഉപയോഗശൂന്യരുമായിക്കഴിഞ്ഞാൽ അവർ വൃദ്ധമന്ദിരങ്ങളാകുന്ന ചവറ്റുകുട്ടയിൽ എറിയപ്പെടുന്നതിന്റെ മുഖ്യപ്രേരണയും ഇതാണ്.

ഇതിനെ നേരിടാൻ പ്രായോഗികമായി എന്തു സമീപനമാണ് അഭികാമ്യം? ടി.വി. പൂർണമായും വിലക്കുന്നത് അപ്രായോഗികവും അനഭിലഷീയവുമാണ്. എന്നാൽ കുട്ടികളുടെ വായന, കളി, പ്രാർത്ഥന, മുതിർന്നവരുമായുള്ള ഉറ്റ സമ്പർക്കം ഇവ അഭംഗുരം സംരക്ഷിക്കപ്പെടണം. കൂടാതെ ടി.വി. പരിപാടികൾ മുൻകൂട്ടി വിലയിരുത്തുകയും കുട്ടികളെ വഴിതെറ്റിക്കുന്ന പരിപാടികൾ, അവ എത്രതന്നെ ആകർഷകമാണെങ്കിലും, ഒഴിവാക്കുകയും ചെയ്യേണ്ടതാണ്.

ഇടവകകളിൽ മതാധ്യാപകരുടെയോ മറ്റോ നേതൃത്വത്തിൽ ടി.വി. യും ധാർമികമായ ഭദ്രയും മാതാപിതാക്കളെയും കുട്ടികളെയും അറിയിക്കുവാൻ സംവിധാനം ഉണ്ടാക്കുന്നത് നന്ന്. ഇക്കാര്യങ്ങളിൽ കുട്ടികളുടെയും അവരുടെ സംഘടനകളുടെയും അഭിപ്രായവും സഹകരണവും തേടുന്നതിൽ തെറ്റില്ല. ഇങ്ങനെ വരുമ്പോൾ ടി.വി.യുടെ സാധ്യതകൾ ഉപയോഗപ്പെടുത്താനും അപകടങ്ങൾ ഒഴിവാക്കാനും നമുക്കു കഴിയും.

കുട്ടികളുടെ അമിതമായ ടി.വി. ഭ്രമം നിയന്ത്രിക്കാൻ മറ്റൊരു പ്രായോഗിക മാർഗമുണ്ട്. ക്ലാസ്, പഠനം, ടി.വി. കാണൽ, പ്രാർത്ഥന, ജോലി മറ്റു പ്രധാനപ്പെട്ട ദിനകർമങ്ങൾ ഇവ ഉൾപ്പെടുത്തി ഒരാഴ്ചത്തെ ഒരു സമയക്രമം എഴുതിത്തയ്യാറാക്കി കൊണ്ടുവരാൻ കുട്ടികളോടുതന്നെ ആവശ്യപ്പെടുക. മാതാപിതാക്കൾ പ്രതീക്ഷിക്കുന്നതിലുമധികം ഉത്തരവാദിത്വബോധത്തോടെ കുട്ടികൾ ഇത് ചെയ്യുമെന്നതാണ് വാസ്തവം. കുട്ടികൾ തയാറാക്കുന്ന ഈ ടൈം ടേബിൾ ആവശ്യമായ ഭേദഗതികളോടെ അംഗീകരിച്ചുറപ്പിച്ചാൽ, പിന്നീട് അത് പാലിക്കണമെന്ന് നിഷ്കർഷിക്കാൻ എളുപ്പമായിരിക്കും. കുട്ടികളുടെ ഉത്തരവാദിത്വബോധവും അഭിമാന ബോധവും അച്ചടക്കത്തിന് സ്വയം വിധേയനാകാനുള്ള കഴിവും വർധിപ്പിക്കാൻ ഈ രീതി സഹായിക്കും.

സ്വർഗം ഉണ്ടോ ഇല്ലയോ എന്ന് എനിക്ക് നിശ്ചയമില്ല. എന്നാൽ എന്റെ സ്വർഗം ഏതെന്ന് ഞാൻ പറയാം. ജോലിത്തിരക്കെല്ലാം കഴിഞ്ഞ് സായാഹ്നത്തിൽ സഹധർമിണിയോടുകൂടിയിരുന്ന് ഞങ്ങളുടെ കുട്ടികൾ പാടുന്നത് കേട്ടും കളിക്കുന്നത് കണ്ടും പരമാനന്ദംകൊള്ളുന്ന അവസരമാണ് എന്റെ സ്വർഗം - ഇംഗർസോൾ

---



## ഞങ്ങൾ വരവായ്

1. കുരുതുകുളങ്ങര കൂള ഡൈയ്സൺ + അഞ്ജലി മകൻ ഡേവിസ് (നഥാൻ ഡൈയ്സൺ ഡേവീസ്)
2. പാലയൂർ മുണ്ടോക്കാരൻ കപിൽ + ബിനി മകൻ ജോർജ്ജ് (ഫെലിപ്പ് ജോർജ്ജ് കപിൽ)



## ഞങ്ങൾ യാത്രയായ്

1. സെ. തോമസ് യൂണിറ്റിലെ കൊള്ളന്നൂർ അവണൂക്കാരൻ കൊച്ചാപ്പു മകൻ ജോസ് (91) (30.10.2023)
2. സെ. ജോർജ്ജ് യൂണിറ്റിലെ തത്രത്തിൽ പൊന്മാണി ചാക്കുണ്ണി മകൻ ഡിക്സൻ (57) 24.11.2023
3. സെന്റ് പയസ്സ് യൂണിറ്റിലെ ഐനിക്കൽ പുതുക്കാടൻ റപ്പായി മകൻ പൗലോസ് (86) 29.11.2023
4. സെന്റ് സേവ്യർ യൂണിറ്റിലെ ചക്കാലയ്ക്കൽ ദേവസ്സി മകൻ ജോഷി (59) 5.12.2023



# അനുദിന വിശുദ്ധർ

## വിശുദ്ധ സെബസ്ത്യാനോസ്



മിസ്സിസ് ബിജി എം.ഡി.

ഫ്രാൻസിലെ മെഡിറ്ററേനിയൻ സമുദ്രത്തിന്റെ തെക്കുഭാഗത്ത് സ്ഥിതിചെയ്യുന്ന നർബോണ എന്ന നഗരത്തിൽ കാത്തലിക്ക് മാതാപിതാക്കളുടെ പുത്രനായി ഏ.ഡി. 255ൽ സെബാസ്റ്റ്യൻ ജനിച്ചു. ജനിച്ചത് നർബോണയിൽ ആണെങ്കിലും അദ്ദേഹം വളർന്നത് മിലൻ നഗരത്തിൽ ആണ്. സൈനിക സേവനം അക്കാലത്ത് ഉന്നതകുലജാതർ വിശിഷ്ടമായി കണ്ടിരുന്നു. സ്വന്തമായി താൽപ്പര്യം ഉണ്ടായിരുന്നില്ലയെങ്കിലും മാതാപിതാക്കളുടെ നിർബന്ധത്തിനു വഴങ്ങി അദ്ദേഹം സൈനിക സേവനത്തിനു തയ്യാറായി. അങ്ങനെ 28-ാമത്തെ വയസ്സിൽ അദ്ദേഹം മിലൻ വിട്ട് റോമിലെത്തി.

കാരിനസ് രാജാവിന്റെ ഭരണകാലമായിരുന്നു അത്. അക്കാലത്ത് രാജകൊട്ടാരത്തിൽ സേവനം ചെയ്തിരുന്ന ക്രിസ്ത്യൻ ഭടന്മാർ റോമൻ ദേവന്മാരെ ആരാധിക്കണം എന്നു കാരിനസ് കൽപ്പന പുറപ്പെടുവിച്ചിരുന്നു. എതിർത്തവരെ രാജാവ് വധിക്കുകയും ചെയ്തിരുന്നു. എന്നാൽ താൻ ക്രിസ്തുവിശ്വാസി ആണെന്ന സത്യം മറച്ചുവെച്ചു.

കുറച്ചുകാലം കഴിഞ്ഞ് ഡയോക്ലീഷ്യൻ ചക്രവർത്തിയുമായുള്ള യുദ്ധത്തിൽ കാരിനസ് വധിക്കപ്പെട്ടു. തുടർന്ന് ഡയോക്ലീഷ്യൻ ചക്രവർത്തി യുദ്ധനിപുണനായ സെബാസ്റ്റ്യനെ സേനാനായകനാക്കുകയും 'പ്രീട്ടോറിയ' എന്ന പ്രത്യേക പദവി നൽകി ആദരിക്കുകയും ചെയ്തു.

ഡയോക്ലീഷ്യനും കാരിനസിനെപോലെ ക്രിസ്തുമത വിരോധിയായിരുന്നു. രാജ്യത്തുണ്ടാകുന്ന സാംക്രമിക രോഗങ്ങൾ, ഭൂകമ്പം, വെള്ളപ്പൊക്കം, വരൾച്ച തുടങ്ങിയവയുടെ കാരണം ക്രിസ്ത്യാനികൾ ആണെന്ന് ആരോപിച്ച് ഡയോക്ലീഷ്യൻ ക്രൈസ്തവരെ കൂട്ടത്തോടെ വധിച്ചിരുന്നു. ഈ സാഹചര്യത്തിൽ തന്റെ സഹജീവികൾക്ക് മോചനം ഉണ്ടാകണമെന്ന് സെബാസ്റ്റ്യൻ ആഗ്രഹിച്ചു. തുടർന്ന് ആരുമറിയാതെ ക്രിസ്തു വിശ്വാസികളുടെ രക്ഷയ്ക്കുവേണ്ടി പ്രവർത്തിച്ചു.

ഏ.ഡി. 288ൽ തന്റെ വിശ്വസ്തനായ സൈന്യാധിപൻ സെബാസ്റ്റ്യൻ ക്രിസ്തുവിശ്വാസി ആണെന്ന സത്യം ഡയോക്ലീഷ്യൻ മനസ്സിലാക്കി. രാജ്യദ്രോഹകുറ്റത്തിന് സെബാസ്റ്റ്യൻ തടവിലാക്കപ്പെട്ടു. എന്നാൽ ഡയോ ക്ലീഷ്യൻ ചക്രവർത്തിക്ക് സെബാസ്റ്റ്യനോട് വളരെ ഇഷ്ടമായിരുന്നു. അതുകൊണ്ട് വെറുതെ വിടാമെന്നും, പഴയ സ്ഥാനമാനങ്ങൾ തിരികെ നൽകാമെന്നും അറിയിച്ചു. എന്നാൽ ആ ദേവന്മാരോട് പ്രാർത്ഥിക്കുന്നത് നിഷ്ഫലമാണെന്നും, പ്രപഞ്ച സ്രഷ്ടാവായ ജീവിക്കുന്ന ദൈവത്തെ മാത്രമേ ആരാധിക്കൂ എന്ന് സെബാസ്റ്റ്യൻ തറപ്പിച്ചു പറഞ്ഞു. അതിനുള്ള ശിക്ഷ തീയിൽ നടക്കുക എന്നതായിരിക്കും എന്ന് ഭീഷണിപ്പെടുത്തി. എന്നാൽ തീ തനിക്ക് പനിനീർപൂക്കളാൽ നിർമിച്ച മെത്ത പോലെയായിരിക്കും എന്ന് ചക്രവർത്തിയെ വെല്ലുവിളിച്ചു. കൂടാതെ ചക്രവർത്തിയോട് ക്രിസ്തുമതം സ്വീകരിക്കാൻ ആവശ്യപ്പെട്ടു. ഇതിൽ കോപിഷ്ഠനായ ചക്രവർത്തി മൈതാനമധ്യത്തിൽ സെബാസ്റ്റ്യനെ മരത്തിൽ കെട്ടിയിട്ട് അമ്പെയ്തു കൊല്ലാൻ കല്പിച്ചു. സേവകർ അദ്ദേഹത്തെ വിവസ്ത്രനാക്കി മരത്തിൽ കെട്ടിയിട്ട് നിരവധി അമ്പുകൾ എയ്തു. രക്തം വാർന്ന് സെബാസ്റ്റ്യൻ അബോധാവസ്ഥയിലെത്തി. മരിച്ചുകാണും എന്ന് കരുതി സേവകർ ശരീരം അവിടെ ഉപേക്ഷിച്ചുപോയി. അതുവഴി വന്ന ഐറിൻ എന്ന സ്ത്രീയുടെ കാരുണ്യത്താൽ സെബാസ്റ്റ്യൻ ആരോഗ്യം വീണ്ടെടുത്തു.

ധീരനായ സെബാസ്റ്റ്യൻ വീണ്ടും ചക്രവർത്തിയുടെ മുന്നിൽ എത്തുകയും, ക്രിസ്തുവിശ്വാസികളെ പീഡിപ്പിക്കുന്നതിന് ചക്രവർത്തിയെ അതിശക്തമായി ശാസിക്കുകയും ചെയ്തു. സെബാസ്റ്റ്യനോട് എന്നത്തേക്കാളും ദേഷ്യം തോന്നിയ ചക്രവർത്തി തന്റെ ഭടനോട് രാജസന്നിധിയിൽ വച്ചു തന്നെ സെബാസ്റ്റ്യനെ ഗദകൊണ്ട് അടിച്ചുകൊല്ലാൻ കല്പിച്ചു. ഏ.ഡി. 288 ജനുവരി 20 നാണ് അത് സംഭവിച്ചത്.

അങ്ങനെ സെബാസ്റ്റ്യൻ ക്രിസ്തുവിനെപ്രതി രക്തസാക്ഷിയായി തീർന്നു. 'സ്നേഹം തെളിയിക്കാൻ മരണത്തേക്കാൾ വലിയൊരു മാർഗമില്ല' എന്ന് ക്രിസ്തു പറഞ്ഞ വാക്കുകൾ അദ്ദേഹം പാലിച്ചു. ക്രിസ്തുവിനോടുള്ള സ്നേഹം രക്തസാക്ഷിയായി സെബാസ്റ്റ്യനോസ് കാണിച്ചു.

ലോകമെമ്പാടും ജനുവരി 20 നാണ് വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുന്നാൾ ആഘോഷിക്കുന്നത് എന്നാൽ കേരളത്തിൽ മകരമാസം മുഴുവൻ ആഘോഷിക്കപ്പെടുന്നു. അമ്പുനേർച്ചയാണ് സെബസ്ത്യാനോസിന്റെ പേരിലുള്ള ഏറ്റവും പ്രശസ്തമായ നേർച്ച സമർപ്പണം.

വിശുദ്ധനായ സെബസ്ത്യാനോസേ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ...

## ജനുവരി 2024 ഓർമ്മിക്കേണ്ട വിശേഷപ്പെട്ട ദിവസങ്ങൾ

1 തിങ്കൾ, നമ്മുടെ കർത്താവിന്റെ നാമകരണം (ഛേദനാചാരം) വർഷാരംഭം

3 ബുധൻ വി. കുര്യാക്കോസ് ഏലിയാസ്

5 വെള്ളി ആദ്യവെള്ളി. രാവിലെ 6.20ന് ലദീഞ്ഞ്, നൊവേന, 6.30ന് വി. കുർബാന, വൈകീട്ട് 5.30 മുതൽ 7.30 വരെ കുമ്പസാരം, ആരാധന, നേർച്ചക്കഞ്ഞി മുതലായ തിരുകർമ്മങ്ങൾ, ദൈവമാതൃത്വത്തിരുനാൾ

6 ശനി ദനഹാതിരുനാൾ

7 ഞായർ

12 വെള്ളി വെള്ളിതിരുക്കർമ്മങ്ങൾ

13 ശനി വി. ദേവസഹായം പിള്ള (ജനുവരി 14)

14 ഞായർ

18 വ്യാഴം സഭൈക്യവാരം തുടങ്ങുന്നു

19 വെള്ളി വി. പത്രോസ്, വി. പൗലോസ് ശ്ലീഹന്മാർ, വെള്ളി തിരുകർമ്മങ്ങൾ

20 ശനി വി. സെബസ്ത്യാനോസ്

21 ഞായർ

22 തിങ്കൾ മൂന്ന് നോമ്പ്

24 ബുധൻ വി. ഫ്രാൻസീസ് സാലസ് മെ.മ

25. വ്യാഴം മൂന്ന് നോമ്പ് കഴിഞ്ഞുള്ള വ്യാഴം
സഭൈക്യവാരം അവസാനിക്കുന്നു. വി. പൗലോസിന്റെ മാനസാന്തരം

26 വെള്ളി വി. സുവിശേഷകന്മാർ, വി. തിമോത്തേയോസ്,
വി. തീത്തോസ്, വെള്ളി തിരുകർമ്മങ്ങൾ

27 ശനി വി. തോമസ് അക്വിനാസ് പു.മ. ജനുവരി 28

28 ഞായർ

30 ചൊവ്വ ലോരകസമാധാനദിനം

31 ബുധൻ വി. ജോൺ ബോസ്കോ




## കർദിനാൾ മാർ ജോർജ് ആലഞ്ചേരി വിരമിച്ചു; മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ അഡ്മിനിസ്ട്രേറ്റർ


ഫ്രാൻസി ആന്റണി

സീറോ മലബാർ സഭയുടെ മൂന്നാമത്തെ മേജർ ആർച്ചു ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി മേജർ ആർച്ചു ബിഷപ് സ്ഥാനത്തു നിന്നു വിരമിച്ചു. സീറോമലബാർ സഭയിൽ വർധിച്ചുവരുന്ന അജ പാലന ആവശ്യങ്ങളും തന്റെ ആരോഗ്യ സ്ഥിതി യും പരിഗണിച്ചു മേജർ ആർച്ചു ബിഷപ്പിന്റെ ഉത്തരവാദിത്വത്തിൽ നിന്നും വിരമിക്കാനു ള്ള ആഗ്രഹം പ്രകടിപ്പിച്ചു കൊണ്ട് കർദിനാൾ മാർ ആലഞ്ചേരി സമർപ്പിച്ച രാജിപരിശുദ്ധ പിതാ വ് ഫ്രാൻസിസ്മാർപാപ്പ സ്വീകരിച്ചു. പൗരസ്ത്യ സഭാനിയമം, കാനൻ 127 പ്രകാരം പുതിയ മേജർ ആർച്ചുബിഷപ് സ്ഥാനം ഏറ്റെടുക്കുന്നതുവരെ കൂരിയ മെത്രാൻ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പിതാവ് സീറോമലബാർ സഭയുടെ അഡ്മിനിസ്ട്രേറ്ററായി പ്രവർത്തിക്കും.

കർദിനാളെന്ന നിലയിൽ പൗരസ്ത്യ സഭകൾക്കായുള്ള വത്തിക്കാൻ കാര്യാലയത്തിലുള്ള ദൗത്യം പിതാവു തുടരുന്നതാണ്. സഭയുടെ നേതൃ സ്ഥാനത്തു നിന്ന് വിരമിക്കുന്ന കർദിനാൾമാർ ജോർജ് ആലഞ്ചേരി പിതാവ്തന്റെ പ്രാർഥനയിലൂടെയും സ്നേഹസാന്നിധ്യത്തിലൂടെയും സീറോ മലബാർസഭയെ ഇനിയും വളർത്താൻ നല്ലവനായ ദൈവം അനുഗ്രഹിക്കുന്നതിനായി പ്രാർഥിക്കാം.

**ബിഷപ് ബോസ്കോ പുത്തൂർ എറണാകുളം-അങ്കമാലി അതിരൂപ തയുടെഅപ്പസ്തോലിക്അഡ്മിനിസ്ട്രേറ്റർ**

എറണാകുളം-അങ്കമാലി അതിരൂപതയുടെ പുതിയ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി മെൽബൺ രൂപതയുടെ മുൻമെത്രാൻ അഭിവന്ദ്യ മാർ ബോസ്കോ പുത്തൂർ പിതാവിനെ പരിശുദ്ധ പിതാവു ഫ്രാൻസിസ്





മാർപാപ്പനിയമിച്ചു. ഇതുസംബന്ധിച്ച പ്രഖ്യാപനം 2023 ഡിസംബർ ഏഴ്യ്യാഴാഴ്ചഇറ്റാലിയൻസമയംഉച്ചയ്ക്കു 12-നുത്തിക്കാലിലും ഉച്ചകഴിഞ്ഞ് 4.30ന് സഭാകാര്യാലയമായ മൗണ്ട് സെന്റ്തോമസിലും എറണാകുളം -അങ്കമാലി അതിരൂപതയുടെ ആസ്ഥാനത്തും നടന്നു.

ഫാ. അംബ്രോസ് പുത്തൻ വീട്ടിൽ കോട്ടപ്പുറം രൂപതയുടെ പുതിയ ബിഷപ്...ഫാ. അംബ്രോസ് പുത്തൻ വീട്ടിൽ കോട്ടപ്പുറം രൂപതയുടെ പുതിയ ബിഷപ്. നിലവിൽ എറണാകുളം ചെട്ടിക്കാട് സെന്റ്ആന്റ ണീസ് തീർഥകേന്ദ്രം റെക്ടറാണ്. എറണാകുളം വൈപ്പിൻപള്ളിപ്പുറം സ്വദേശിയാണ്.... വരാപ്പുഴ ആർച്ച്ബിഷപ് ഡോ. ജോസഫ്കളത്തി പറമ്പിലിന്റെ സാന്നിധ്യത്തിൽ, കോട്ടപ്പുറം രൂപത അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ബിഷപ് ഡോ. അലക്സ് വടക്കുംതല മാർപാപ്പയുടെ നിയമന ഉത്തരവ് വായിച്ചു. ...


HEALTH IS A JOURNEY NOT A DESTINATION



SERVICES PROVIDED

- Pediatric Physiotherapy
- Neuro Physiotherapy
- Ortho Physiotherapy
- Women's Health Physiotherapy

BrainandPhysiotherapy
Plasticity in Progress

BrainandPhysiotherapy

Prof.Sumi Rose
MPT(Neuro), MA(Clinical Psychology),
(PhD-Neuro Physiotherapy)
Physiotherapist, Psychologist and Research Scholar
ഫിസിയോതെറാപ്പിസ്റ്റ്, സൈക്കോളജിസ്റ്റ്

For appointments: 6360185453
Time : 6 pm to 8.30 pm

**Contact:** BrainandPhysiotherapy, Vikas Nagar, Near Star Plastics, Ayyanthole P.O, Thrissur-680003. Ph: 6360185453
Email: brainandphysiotherapy@gmail.com
Web: www.brainandphysiotherapy.com



*In Loving Memory*



Chakkalakkal Devassy

# JOSHY

BORN: 24.03.1964

DIED : 05.12.2023

ഞാനാകുന്നു
പുനരുത്ഥാനവും ജീവനും,
എന്നിൽ വിശ്വസിക്കുന്നവൻ
മരിച്ചാലും ജീവിക്കും.



## 15–ാം ചരമവാർഷികം



ബ്രഹ്മക്കുളം ചാക്കു

# വിൻസെന്റ്

ജനനം : 1957 മരണം : 2009

സെന്റ് അൽഫോൻസ കുടുംബകൂട്ടായ്മ



# തൃശ്ശൂർ വെസ്റ്റ് ഫോർട്ട് സെന്റ് ആ

## വി. സെബസ്ത്യാനോസിന്റെ

### 2024 ഫെബ്രുവരി 3, 4, 5

ഫെബ്രുവരി 11 ഞായ

**26** ജനുവരി 2024
വെള്ളി

## തിരുനാൾ കൊ

| | |
|---|---|
| രാവിലെ 6.30 | വി. കുർബ്ബാന |
| വൈകീട്ട് 6.00 | ആഘോഷമായ പാട്ടുകുർബ്ബാന, ലദീ |
| | **തിരുനാൾ കൊടിയേറ്റം** |
| | വെ. റവ. ഫാ. ഫ്രാൻസിസ് പള്ളികുന്ന |
| | (ഫെറോന വികാരി ഡോളേഴ്സ് ബസിലിക |

## ജനുവരി 26 മുതൽ ഫെബ്രുവരി
## നവനാൾ തിരുകർമ്മങ്ങ

| | |
|---|---|
| രാവിലെ 6.30 | വി.കുർബാന, |
| വൈകീട്ട് 6.00 | ആഘോഷമായ വി.കുർബാന ലദീഞ്ഞ് |

**3** ഫെബ്രുവരി 2024
ശനി

## വിശുദ്ധരുടെ തിരു
## എഴുന്നെള്ളിച്ചു

| | | |
|---|---|---|
| രാവിലെ 6.30 | : | ആഘോഷമായ പാട്ടുകുർബ്ബാന, ലദീ |
| | | വിശുദ്ധരുടെ തിരുസ്വരൂപങ്ങൾ എഴു |
| | | തുടർന്ന് കുടുംബകൂട്ടായ്മകളിലേക്ക് |
| വൈകീട്ട് 10.30 | : | കുടുംബകൂട്ടായ്മകളിൽ നിന്നുള്ള അ |

ൻസ് ദൈവാലയത്തിൽ

# തിരുനാൾ

5 തിയ്യതികളിൽ

ർ എട്ടാമിടം



ടിയേറ്റം

ത്ത്, നൊവേന

ത്ത്

ം)

3 വരെ
ൾ

്, നൊവേന

സ്വരൂപങ്ങൾ
വെയ്ക്കൽ

ത്ത്, നൊവേന

ുന്നെള്ളിച്ചു വെയ്ക്കൽ,

് അമ്പ് ആശിർവദിച്ചു നല്കൽ

അമ്പ് സമാപനം

## തിരുനാൾ ദിനം
## 2024 ഫെബ്രുവരി 4 ഞായർ

| | | |
|---|---|---|
| രാവിലെ 6.30 | : | വി. കുർബ്ബാന |
| രാവിലെ 10.00 | : | ആഘോഷമായ തിരുനാൾ പാട്ടുകുർബ്ബാന, |
| കാർമ്മികൻ | : | റവ. ഫാ. റോജർ തരകൻ (ജൂബിലി മിഷ്യൻ ഹോസ്പിറ്റൽ) |
| സന്ദേശം | : | റവ. ഫാ. സിബി ചെറുതോട്ടിൽ (മേരിമാത മേജർ സെമിനാരി) |
| വൈകീട്ട് 4.00 | : | വി. കുർബ്ബാന |
| കാർമ്മികൻ | : | റവ. ഫാ. ഡേവീസ് ചക്കാലയ്ക്കൽ (വികാരി, പതിയാരം) |
| വൈകീട്ട് 5.00 | : | ആഘോഷമായ തിരുനാൾ പ്രദക്ഷിണം |

**5** ഫെബ്രുവരി 2024 തിങ്കൾ — രാവിലെ 6.30

ഇടവകയിലെ മരിച്ചവർക്ക് വേണ്ടിയുള്ള വി. കുർബ്ബാന, പൊതു ഒപ്പീസ്

**11** ഫെബ്രുവരി 2024 ഞായർ — **എട്ടാമിടം**

| | | |
|---|---|---|
| രാവിലെ 6.30 | : | വി. കുർബ്ബാന |
| രാവിലെ 10.00 | : | ആഘോഷമായ പാട്ടുകുർബ്ബാന |
| വൈകീട്ട് 6.00 | : | വി. കുർബ്ബാന |

വൈകീട്ട് 7.00 **നാടകം**

**സൈനാധിപൻ**

# 15-ാം ചരമവാർഷികം
## 24.01.2024





# വടക്കൻ ജോർജ്ജ് മകൻ
# രാജു

ജനനം : 21 – 07 – 1967   മരണം : 24 – 01 – 2009

അളവുറ്റ സ്നേഹത്തിന്റേയും
വാത്സല്യത്തിന്റേയും കരുതലിന്റേയും
മരിക്കാത്ത ഓർമ്മകളുമായ്
സന്തപ്ത കുടുംബാംഗങ്ങൾ

വി. മദർതെരേസ കുടുംബകൂട്ടായ്മ



# പുതുവർഷ പൊൻപുലരി - വന്ദനം



**മിസ്സിസ് ടെസ്സി ആന്റോ**

നവവത്സര ദീപികയേന്തി
പുലരി പെൺകൊടിയാളെത്തി
ഉണരൂ എൻ മാനസമേ നീ
കണികാണാനുണരൂ വേഗം
പ്രിയമാർന്നൊരു നോട്ടവുമായി
സുഖമാർന്ന തലോടലുമായി
കിളിവാതിൽ തുറന്നെത്തുന്നു
പുതുവത്സര മോഹപക്ഷി
ഒരു നിമിഷം നിന്നേപോകൂ
ഒരു തൂവൽ പൊഴിച്ചേപോകൂ
വഴിയാത്രയിൽ കൂട്ടായ്പോരാൻ
ഒരു പാട്ടിനീണം പകരൂ
സ്വപ്നങ്ങൾ പൂത്തുതളിർക്കാൻ
ഒരു കുമ്പിൽ പനിനീരേകൂ
മോഹങ്ങൾക്കൂഞ്ഞാലാടാൻ
മാനത്തൊരു തൊട്ടിൽ കെട്ടൂ
കൊഴിയുന്നോരീ വർഷത്തിന്റെ
കവിളത്തൊരുമ്മ കൊടുത്തു
എന്നും പുതുവർഷത്തിനായ്
ചാർത്താൻ പൂത്താലി ഒരുക്കൂ
ഇനിയും നീ എത്തും നേരം
ചിരിതൂകിട്ടെതിരേൽക്കാനായ്
മന്ദാര പൂമൊട്ടൊന്നീ-
മുറ്റത്തേക്കിട്ടേ പോകൂ



# കുടുംബ കൂട്ടായ്മ
## വാർത്തകൾ

### സെൻറ് ആൻറണീസ് കുടുംബകൂട്ടായ്മ



ക്രിസ്തുമസ്സിനോടനുബന്ധിച്ചുള്ള കാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി സെൻറ് ആൻറണീസ് യൂണിറ്റംഗങ്ങൾ, മങ്ങാട്ടുള്ള ബന്ധുവീട്ടിൽ രോഗാവസ്ഥയിൽ കഴിയുന്ന യൂണിറ്റംഗമായിരുന്ന പരേതനായ ചിറയത്ത് വറീതിന്റെ ഭാര്യ അമ്മിണിചേച്ചിയെ സന്ദർശിക്കുന്നു.




സെൻറ് ആൻറണീസ് യൂണിറ്റിലെ ക്രിസ്തുമസ് ദിനാഘോഷം വികാരി ബഹു.ജോൺസൻ അന്തിക്കാടനച്ചൻ കേക്ക് മുറിച്ച് ഉദ്ഘാടനം ചെയ്യുന്നു.



# ആരാണ് ഞാൻ



ബാബു കുരിയൻ തേറാട്ടിൽ
റിട്ട. ഡെപ്യൂട്ടി ജനറൽ മാനേജർ
കനറാ ബാങ്ക്

' താനാരാണെന്ന് തനിക്കറിയില്ലെങ്കിൽ താൻ എന്നോട് ചോദിക്ക് ........'

പഴയ ഒരു മലയാള സിനിമയിലെ കഥാപാത്രം ചോദിക്കുന്ന പ്രസിദ്ധമായ ഒരു സംഭാഷണ ശകലമാണ് ഇത്.

തമാശയാണെങ്കിലും ചോദ്യത്തിൽ കുറച്ച് കാര്യമില്ലാതില്ല. ജനിച്ച കാലം മുതൽ നമ്മുടെ മാതാപിതാക്കൾ എന്തെല്ലാം കാര്യങ്ങൾ നമ്മെ ശീലിപ്പിക്കുന്നു. പിന്നീട് അധ്യാപകർ ഒരുപാട് കാര്യങ്ങൾ പഠിപ്പിക്കുന്നു.

അങ്ങനെ ഭൂമിയിലും പ്രപഞ്ചത്തിൽ ആകെയും ഉള്ള ധാരാളം സംഗതികൾ നാം മനസ്സിലാക്കുന്നു. ഇതിനിടയ്ക്ക് നമ്മുടെ വിദ്യാഭ്യാസവും സുഹൃത്തുക്കളും പരിചയവും എല്ലാം ചേർന്ന് വരുത്തുന്ന ഒരുപാട് മാറ്റങ്ങൾ നമ്മളിലും ഉണ്ടായിക്കൊണ്ടിരിക്കും. ഇത് മിക്കവാറും നമ്മൾ പോലും അറിയാതെ ആയിരിക്കും.

ആശുപത്രികളിൽ ഓപ്പറേഷൻ കഴിഞ്ഞുകിടക്കുന്ന രോഗിയുടെ 'ഓർമ്മ' തിരിച്ചുവന്നുവോ എന്ന് അറിയാൻ ഡോക്ടർമാർ സാധാരണ ചെയ്തുവരുന്ന ഒരു കാര്യമുണ്ട് .... രോഗിയുടെ അടുത്ത് ചെന്ന് അവരുടെ പേര് വിളിച്ചു നോക്കും. അതിൽ പ്രതികരണം ഉണ്ടാവുകയാണെങ്കിൽ രോഗിക്ക് ഓർമ്മശക്തി സാധാരണനിലയിലായി തുടങ്ങിയെന്ന് കരുതാം.

അതായത് നാം ജീവിതത്തിൽ ഏറ്റവും കേൾക്കാൻ ഇഷ്ടപ്പെടുന്ന പേരുകളിൽ ഒന്ന് നമ്മുടെ തന്നെയായിരിക്കും. അതുപോലെ നാം കാണാൻ ഏറ്റവും ഇഷ്ടപ്പെടുന്ന മുഖം നമ്മുടേതു തന്നെയല്ലേ .

ഇപ്പോൾ 'സെൽഫി 'യുടെ കാലമാണല്ലോ. എവിടെ ചെന്ന് നോക്കിയാലും പ്രത്യേകിച്ച് വിനോദസഞ്ചാര കേന്ദ്രങ്ങൾ , ആഘോഷ സ്ഥലങ്ങൾ തുടങ്ങിയിടത്തൊക്കെ എല്ലാവരും സ്വന്തം സെൽഫി ചിത്രം പകർത്താനുള്ള തത്രപ്പാടിൽ ആയിരിക്കും. അവനവന്റെ ബാഹ്യചിത്രം ഒക്കെ അങ്ങനെ പകർത്താൻ സാധിക്കും .പക്ഷേ സ്വന്തം മനസ്സിനെ കാണാനും നിയന്ത്രിക്കാനും നമുക്ക് എത്രപേർക്ക് സാധിക്കും?. അതിനും മനശാസ്ത്രജ്ഞന്മാർ ചില





സംവിധാനങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. അതിൽ ഒന്നാണ് ‘ SWOT ‘അനാലിസിസ്. ഒരാളുടെ Strength (കഴിവുകൾ), Weakness (കുറവുകൾ) Opportunity (ബാഹ്യ സാഹചര്യങ്ങൾ), Threats (പുറത്തു നിന്നുള്ള ഭീഷണികൾ) എന്നീ വാക്കുകളുടെ ചുരുക്ക പേരാണിത്.

ജോലിയുടെയും പ്രമോഷന്റേയും ഭാഗമായി ധാരാളം ഇൻറർവ്യൂകളിൽ പങ്കെടുക്കേണ്ടി വന്നിട്ടുണ്ട്. ഒരു ഉദ്യോഗാർത്ഥിയായും ഇൻറർവ്യൂ ചെയ്യുന്ന ആളായും. അതിൽ സാധാരണ കേൾക്കുന്ന ഒരു ചോദ്യമുണ്ട് : ‘താങ്കൾ താങ്കളെപ്പറ്റി തന്നെ അല്പനേരം സംസാരിക്കു..‘ എന്നായിരിക്കും അത്.

അവനവന്റെ കഴിവുകളെപ്പറ്റി പറയുന്ന അത്ര എളുപ്പമാവില്ല കുറവുകളെപ്പറ്റി സംസാരിക്കാൻ.

പറഞ്ഞു വന്നത് മറ്റുള്ളവരെ അറിയാൻ ശ്രമിക്കുന്നതുപോലെ തന്നെ നാം നമ്മുടെ കഴിവുകളും കുറവുകളും ആഴത്തിൽ മനസ്സിലാക്കാൻ ശ്രമിക്കണം. കഴിവുകളെ കൂടുതൽ വളർത്തുവാനും കുറവുകളെ എങ്ങനെ തിരുത്താം അല്ലെങ്കിൽ ഒഴിവാക്കാം എന്നുമായിരിക്കണം നമ്മുടെ ചിന്ത. മറ്റുള്ളവരെ നിയന്ത്രിക്കുന്നതിനേക്കാൾ ബുദ്ധിമുട്ടുള്ള കാര്യമാണ് നമുക്ക് നമ്മെ തന്നെ മനസ്സിലാക്കാനും നിയന്ത്രിക്കുവാനും.

2024 ജനുവരി 1-ാം തീയതി തിരുസഭ ലോക സമാധാന ദിനമായി ആചരിക്കുകയാണല്ലൊ. ഈ അവസരത്തിൽ നമുക്ക് അവനവനെ തന്നെ അറിയാനും നിയന്ത്രിക്കാനും ശ്രമിക്കാം. അതുവഴി നല്ലൊരു സ്വഭാവരൂപീകരണത്തിനും വീട്ടിലും നാട്ടിലും സമാധാന അന്തരീക്ഷം നിലനിർത്തുവാനും നമ്മുക്ക് കൂട്ടായി ശ്രമിക്കാം



**FINEX**

**Electricals & Sound**

**Olarikkara, Thrissur Pin - 680 012**

**Phone : 0487 - 23621976, Res : 2366490, Mob : 9847867312**

**Sound Systems, Generators,**
**I KVA-125 KVA, Illumination, ETC.....**




## കേരള സംസ്ഥാനത്തിന്റെ പ്രധാന വെല്ലുവിളികൾ


പ്രൊഫ. ഡോ. മാണി പീറ്റർ

സംസ്ഥാനം കൈവരിച്ച പ്രധാന നേട്ടങ്ങൾ കഴിഞ്ഞ ലക്കത്തിൽ വായിച്ചുവല്ലോ. ഈ ലക്കത്തിൽ പ്രധാന വെല്ലുവിളികൾ വിലയിരുത്താം.

1. സാമൂഹ്യരംഗത്ത് നാം കൈവരിച്ച നേട്ടങ്ങൾ അസൂയാവഹമാണ് എന്ന് അറിഞ്ഞുവല്ലോ. എന്നാൽ കേരളത്തിന്റെ ഏറ്റവും വലിയ വെല്ലുവിളി ഉൽപ്പാദനമേഖലകളിൽ (കൃഷിയും വ്യവസായവും) ഉള്ള പരാജയമാണ്.

പരമ്പരാഗതമായി കേരളം ഒരു കാർഷികമേഖലയായിരുന്നു. 1980ൽ സംസ്ഥാനത്തിന്റെ വരുമാനത്തിൽ കാർഷികമേഖലയുടെ സംഭാവന 40 ശതമാനമായിരുന്നത് 1993ൽ 10 ശതമാനമായി കുറഞ്ഞു. സംസ്ഥാനത്തിന് ആവശ്യമുള്ള അരിയുടെ 18 ശതമാനം മാത്രമാണ് സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നത്. തോട്ടവിളകളുടെ ഉൽപ്പാദനം കൂടിയിട്ടുണ്ടെങ്കിലും ഉൽപ്പന്നങ്ങൾ സംസ്കരിക്കലോ, കർഷകർക്ക് ഉയർന്ന വിലയോ സംഭവിക്കുന്നില്ല. ചുരുങ്ങിയ വാക്കുകളിൽ പറഞ്ഞാൽ, കാർഷികമേഖല ശൂന്യമായിക്കൊണ്ടിരിക്കുന്നു, കർഷകൻ കൂടുതൽ ദരിദ്രനാകുന്നു.

നൂറ്റാണ്ടുകളായി പരമ്പരാഗത വ്യവസായങ്ങളായ കയർ, കശുവണ്ടി, കൈത്തറി, കരകൗശലവസ്തുക്കൾ എന്നിവയിൽ ആധിപത്യം നമുക്ക് ഉണ്ടായിരുന്നു. കഴിഞ്ഞ കാൽ നൂറ്റാണ്ടായി ആ ആധിപത്യവും നമുക്ക് നഷ്ടപ്പെട്ടു. കാരണങ്ങൾ പലതാണ്. ചെറുകിട വ്യവസായരംഗത്തും വൻകിട വ്യവസായങ്ങളിലും പ്രശ്നങ്ങൾ അനവധിയാണ്. ഏറ്റവും പ്രധാന പ്രശ്നം ഉൽപ്പാദനക്ഷമതയിലുള്ള കുറവാണ്. ആഗോള വൽക്കരണം വ്യവസായ വൽക്കരണത്തെ കൂടുതൽ തളർത്തി.

കാർഷികമേഖലയും വ്യവസായിക മേഖലയും തളരുമ്പോൾ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ല് വളയുന്നു. "സുസ്ഥിരമായ വികസനം" അസാദ്ധ്യമാകുന്നു. ഇതെല്ലാം മുന്നിൽ കണ്ടുകൊണ്ടായിരിക്കാം, നോബൽ സമ്മാന

ജേതാവ് അമർത്യാസെൻ, കേരളത്തിന്റെ സാമൂഹ്യ നേട്ടങ്ങൾ ശാശ്വതമാണോ എന്ന് സംശയിച്ചത്.

2. ഉൽപ്പാദനമേഖലയിലുള്ള തകർച്ച തീർച്ചയായും സംസ്ഥാനത്തിന്റെ വരവിനെ ബാധിക്കും. 2017 മുതൽ രാജ്യത്ത് ജി.എസ്.ടി (Goods and Service Tax) സമ്പ്രദായമാണല്ലോ. ഈ സമ്പ്രദായത്തിൽ ഉൽപ്പാദനം കൂടുതൽ ആയി നടക്കുന്ന സംസ്ഥാനങ്ങൾക്കേ ഉയർന്ന ജി.എസ്.ടി വിഹിതം ലഭിക്കുകയുള്ളൂ. ജി.എസ്.ടി വിഹിതം കുറയുന്നത് തീർച്ചയായും, സംസ്ഥാനത്തെ വരവ്, ചെലവ് കണക്കുകളെ ബാധിക്കും. കഴിഞ്ഞ കുറെ മാസങ്ങളായി സംസ്ഥാനത്തെ ചർച്ചാവിഷയമാണല്ലോ "സംസ്ഥാന സാമ്പത്തിക പ്രതിസന്ധി". ക്രമാതീതമായി ചിലവ് വർദ്ധിക്കുവാൻ 3 കാരണങ്ങൾ ഉണ്ട്. ശമ്പളം, പെൻഷൻ, കടമെടുപ്പിന്റെ പലിശ എന്നിവയാണ് അവ. മേൽവിവരിച്ച കാരണങ്ങൾ കൊണ്ടെല്ലാം സംസ്ഥാന വരുമാനം പരിമിതവും ആണ്. 2024 ൽ ഒരു 'സാമ്പത്തിക അടിയന്തിരാവസ്ഥ' സംസ്ഥാനത്ത് പ്രതീക്ഷിക്കാം.

3. വിദ്യാഭ്യാസരംഗത്തെ നേട്ടങ്ങളെക്കുറിച്ച് നാം പെരുമ്പറ മുഴക്കുന്നു. എന്നാൽ സത്യാവസ്ഥ വ്യത്യസ്തമാണ്. 10-ാം ക്ലാസ്സിൽ എല്ലാ വിഷയത്തിനും A+ നേടുന്ന കുട്ടികളുടെവരെ പഠനനിലവാരം വളരെ മോശമാണ് എന്ന് അഭിപ്രായം ഉണ്ടല്ലോ. ഈ അഭിപ്രായത്തോട് ഏകദേശം 45 വർഷത്തോളം അദ്ധ്യാപകനായിരുന്ന ലേഖകൻ പരിപൂർണ്ണമായി യോജിക്കുന്നു. 'ഗുണനിലവാരമില്ലാത്ത വിദ്യാഭ്യാസത്തിൽ' കേരളം ഇന്ത്യയിൽ മുൻസ്ഥാനത്താണ് എന്ന് അഭിപ്രായം രേഖപ്പെടുത്താൻ തോന്നിപോകുന്നു. പുതിയ 'ദേശീയ വിദ്യാഭ്യാസ നയം' നടപ്പിലായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഈ സംശയങ്ങൾ കൂടുതൽ ചർച്ച ചെയ്യപ്പെടേണ്ടതാണ്.

വിദ്യാഭ്യാസ രംഗവുമായി ബന്ധപ്പെട്ട പുതിയ പ്രവണതയാണ് വിദേശ പഠനം. ഏറ്റവും ലളിതമായി പറഞ്ഞാൽ 'ഒരു അപകടത്തിൽനിന്ന്' കൂടുതൽ അപകടത്തിലേക്ക് നമ്മുടെ യുവതലമുറ ചേക്കേറുന്നു. ഈ വിഷയം, ഇതിനു മുമ്പ് വളരെ വിശദമായി എഴുതിയിട്ടുള്ളതുകൊണ്ട് വീണ്ടും ആവർത്തിക്കുന്നില്ല. സ്വാമി വിവേകാനന്ദൻ പറഞ്ഞു "ഭാരതത്തിന് ആവശ്യം നല്ല മാനസിക ആരോഗ്യവും ശാരീരിക ക്ഷമതയും ഉള്ള യുവജനതയെ ആണ് എന്ന്. ഈ ലക്ഷ്യം കൈവരിക്കാൻ കേരളസംസ്ഥാനം നമ്മുടെ പാഠ്യപദ്ധതിയിലും ഗുണനിലവാരത്തിലും സമഗ്രമായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്.

4. ആരോഗ്യരംഗത്ത് നമ്മുടെ നേട്ടങ്ങൾ ലോകശ്രദ്ധ നേടിയതാണ്. കോവിഡ്, നിപ്പ മുതലായ സാംക്രമിക രോഗങ്ങൾ കൈകാര്യം ചെയ്ത രീതി വികസിത രാജ്യങ്ങൾപോലും അത്ഭുതത്തോടെ നോക്കി കണ്ടതാണ്. സംസ്ഥാന ആരോഗ്യവകുപ്പ് എല്ലാ അഭിനന്ദനങ്ങളും അർഹിക്കുന്നു. എന്നാൽ വർദ്ധിച്ചുവരുന്ന ജീവിതശൈലി രോഗങ്ങൾ, മാനസിക വൈകല്യങ്ങൾ

എന്നിവ വെല്ലുവിളികൾ ആണ്. നേരത്തെ സൂചിപ്പിച്ചപോലെ സ്വാമി വിവേകാനന്ദന്റെ ആഗ്രഹം സഫലമാകാൻ സംസ്ഥാനം ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു.

5. 1993 ൽ രാജ്യവ്യാപകമായി പഞ്ചായത്ത്‌രാജ് നിലവിൽവന്നു. ഈ സമ്പ്രദായത്തിലേക്ക് ഏറ്റവും ഫലപ്രദമായി പ്രവേശിച്ച സംസ്ഥാനമാണ് കേരളം. 'ജനകീയ ആസൂത്രണം' ജനങ്ങളിലേക്ക് അതിവേഗം ഇറങ്ങിചെന്നു. ഇതിന്റെ തുടർച്ചയായി 'കുടുംബശ്രീ' പ്രവർത്തനങ്ങളും സജീവമായി. ഇവയൊന്നും ആർക്കും കണ്ടില്ല എന്ന് നടിക്കാൻ സാദ്ധ്യമല്ല. എന്നാൽ ഈ ജനകീയ പ്രസ്ഥാനങ്ങൾ 'സുസ്ഥിരമായ വികസന'ത്തെ സഹായിച്ചുവോ എന്ന് അന്വേഷിച്ചാൽ സംശയങ്ങൾ ബാക്കിയാണ്. ഇതിനുള്ള ഒരു പ്രധാന കാരണം രാഷ്ട്രീയ ആശയങ്ങളുടെ സംഘടനമാണ്.

6. ലേഖനത്തിന്റെ ആദ്യഭാഗത്ത് സൂചിപ്പിക്കുകയുണ്ടായി, സംസ്ഥാനത്ത് വലത്, ഇടത് സർക്കാരുകൾ മാറി മാറി ഭരിച്ചിട്ടുണ്ട് എന്ന്. പലപ്പോഴും ഇവരുടെ ഭരണം മാറി മാറി ആയിരിക്കുന്നു, ഇത് പിന്നെ വലത്, പിന്നെ ഇടത്... വ്യത്യസ്ത രാഷ്ട്രീയ കാഴ്ചപ്പാടുള്ളവർ അധികാരത്തിൽ വരുമ്പോൾ അത് 'സുസ്ഥിരമായ വികസന'ത്തെ ബാധിക്കും. ഓരോ 5 വർഷം കൂടുമ്പോഴും അജണ്ടകൾ മാറുന്നു. രാഷ്ട്രീയവും വികസനവും രണ്ടായി കാണുന്ന സംസ്കാരം വളരേണ്ടിയിരിക്കുന്നു.

7. ഇന്നത്തെ മറ്റൊരു വെല്ലുവിളിയാണ് തൊഴിലില്ലായ്മ. 2022 ലെ കണക്കനുസരിച്ച് രാജ്യത്ത് ഏറ്റവും കൂടുതൽ തൊഴിലില്ലായ്മ ഉള്ള സംസ്ഥാനമാണ് കേരളം. കോവിഡിനുശേഷം ധാരാളം പേർ വിദേശത്തുനിന്ന് മടങ്ങിവന്നതോടെ ഈ അവസ്ഥ കൂടുതൽ സങ്കീർണ്ണമായി. തൊഴിൽ ഇല്ലാതെ അസ്വസ്ഥരായ യുവജനത സംസ്ഥാനത്തിന്റെ മുൻപിൽ ഒരു വലിയ ചോദ്യചിഹ്നമാണ്. യുവാക്കളുടെ ചിന്താഗതികൾ വിദ്യാഭ്യാസരീതി, വിദ്യാഭ്യാസ ഗുണഘടകങ്ങൾ, തൊഴിൽ നിപുണതയുടെ കുറവ് എന്നിവയെല്ലാം കാരണങ്ങൾ ആണ്.

8. ധാരാളം പേർ വിദേശത്തുനിന്ന് തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയപ്പോൾ വിദേശവരുമാനത്തെ സാരമായി ബാധിച്ചു. ഇപ്പോൾ സംസ്ഥാനത്തിന്റെ ആളോഹരി വരുമാനം ഭേദപ്പെട്ട നിലയിലാണെങ്കിലും വരുംവർഷങ്ങളിൽ എന്ത് സംഭവിക്കുമെന്ന് പ്രവചിക്കാൻ സാധ്യമല്ല.

9. ആഗോള താപനിലയും കാലാവസ്ഥ വ്യതിയാനങ്ങളും ലോകചർച്ചയാണല്ലോ. കേരളസംസ്ഥാനവും ഇതിന് ഒരു അപവാദമല്ല. കാലാവസ്ഥ വ്യതിയാനം നമ്മുടെ മലയോര മേഖലയിലെ കൃഷിയേയും ജനജീവിതത്തേയും ബാധിക്കുന്നു. കൂടാതെ വന്യമൃഗങ്ങൾ നാട്ടിലേക്ക് ഇറങ്ങി കൃ

ഷി നശിപ്പിക്കുന്നു, ജനവാസത്തെ ഭീഷണിയിലാക്കുന്നു. കസ്തൂരിരംഗൻ റിപ്പോർട്ടും ഗാഡ്ഗിൽ റിപ്പോർട്ടും മലയോര ക്രിസ്ത്യാനികളെ ദോഷകരമായി ബാധിച്ചേക്കാം എന്ന് വായിച്ചിട്ടുണ്ടല്ലോ.

10. ഇന്ന് ഭാരതമാകെ പടർന്നുപിടിച്ചിരിക്കുന്ന ഒരു പ്രശ്നമാണ് സ്വരാജ്യസ്നേഹത്തിന്റെ കുറവ്. ഈ പ്രശ്നം ഏറ്റവും രൂക്ഷമാണ് കേരളത്തിന്റെ യുവജനതയുടെ മനസ്സുകളിൽ. യുവജനതയുടെ കുടിയേറ്റം ഇതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ്. "ഇക്കരെ നിൽക്കുമ്പോൾ, അക്കരപച്ച" അത്ര തന്നെ.

മുകളിൽ പറഞ്ഞ 10 കാരണങ്ങളും, ഇതുപോലുള്ള ചെറിയ കാരണങ്ങളും ചേർന്ന് 'ദൈവത്തിന്റെ നാടിന്റെ' 'സുസ്ഥിരവികസനം' ഒരു മരുപ്പച്ചയാക്കുന്നു.



# Fun with English: What's in a Word? (004)



**Dr. Betsy Paul C.**

**Word of the Month: Start**

"God is so good to give us new days and new years since He knows we need so many times to start over."

-Lacey Sturm (American Singer & Song Writer)

January tells us to start making ourselves anew. And, in the process, to start making everything around us new.

So, since the new year has started, we can start with the word "start."

"Start" is a word that gives us a lot of energy. It denotes a new beginning, a fresh makeover. As the poet Rupi Kaur says, one should "never feel guilty for starting again." Since our human life is so full of mistakes and inabilities every chance we get to start again is a blessing, a boon. It gives us fresh hope, and helps us to discard despair. And, the new year is always the time to realise that. Each new year tells us to keep up our hope and faith in better tomorrows even when we cannot see a solution to our dark days. As Rabindranath Tagore has said, "faith is the bird that feels the light and sings when the dawn is still dark."

So, did you celebrate your New Year Day with a full course dinner complete with starters, soup and dessert? (In this sentence, "starter" means "a small dish served as the first course of a meal."

Here are some words/phrases related to "start":

**Begin, Commence, Initiate, Launch, Kickoff, Startup, Starter, Embark on, Head start, Jump-start, Flying start, Running start, Start over, Start a family**

Now, shall we find the meaning of the words in italics in the write-up below?

Roy and his elder brother Renju came out after the New Year Mass smiling. As they helped their grandmother walk to their car, they noticed a big smile on her face too. The New Year seemed ***to get off with a running start***[1] for all three of them.

Roy was very excited to begin the New Year. His You Tube channel named ***"Kickstart"***[2] was to be launched on the 1st of January itself. He was the only student in his class to ***embark***[3] on such an adventure. He had got ***a head-start***[4] in this with the help of his classmate Rose and her elder sister, Rita. Rose was the one who had ***initiated***[5] a discussion on You Tube channels and inspired him to start one. Rita, the intelligent one, gave him all the technical advice and support.





For Renju too the New Year was exciting. This January, he was planning to join a new ***startup***[6] hoping for a ***fresh start***[7]. Moreover, he and his wife were also planning to ***start a family***[8] this year.

And, their 86 year old grandmother was smiling thinking of her new smart phone. It was her Christmas gift from her grandchildren. Roy had taught her to use the phone and open You Tube from it. She too was excitedly awaiting the ***launch***[9] of her grandson's channel.

Now check how many meanings you got correct:

***1. To get off with a running start*** - To have a good fast beginning

***2. Kickstart*** - To start something that had stopped or was slow

***3. To embark*** - To begin something that will take some time to complete

***4. A head-start*** - To start before other people

***5. Initiated*** - started

***6. Startup*** - a company that has just started to operate

***7. Fresh start*** - A new start, usually after a bad situation

***8. Start a family*** - A couple beginning to have children for the first time

***9. Launch*** - An act of starting something

At the same time, it is interesting to note that the word "start" has another meaning too which is not at all related to "beginning." We use the word "start" to talk about a small jump or jerk we make when we are surprised or shocked.

Eg. Hearing the fireworks, Rita awoke with a start.

**Question of the Month:**
**Who is an "upstart"?**

An "upstart" is someone who rose up in status suddenly and is usually very arrogant and proud. If you call someone an "upstart" it means you are not happy with that person.

**Quote of the Month:**

Ring out the old, ring in the new,
Ring, happy bells, across the snow:
The year is going, let him go;
Ring out the false, ring in the true.

-Alfred Tennyson



# ചോദിച്ചില്ലേലും ആഗ്രഹങ്ങൾ നിറവേറ്റുന്ന ഈശോ



**ലീനാ ഫ്രാൻസീസ്**
കൊടിയത്ത് ഹൗസ്

"ചോദിക്കുവിൻ നിങ്ങൾക്കുലഭിക്കും; അന്വേഷിക്കുവിൻ നിങ്ങൾ കണ്ടെത്തും. മുട്ടുവിൻ നിങ്ങൾക്കു തുറന്നുകിട്ടും" (മത്താ: 7:7).

"വീണ്ടും ഞാൻ നിങ്ങളോട് പറയുന്നു. ഭൂമിയിൽ നിങ്ങളിൽ രണ്ടുപേർ യോജിച്ചു ചോദിക്കുന്ന ഏതുകാര്യവും എന്റെ സ്വർഗ്ഗസ്ഥനായ പിതാവ് നിറവേറ്റിത്തരും" (മത്താ. 18:19).

ചോദിക്കുന്നത് ലഭിക്കുമെന്ന ഉറപ്പാണ് രണ്ടു വചനങ്ങളിലൂടെയും നമ്മൾ മനസ്സിലാക്കുന്നത്. പക്ഷേ ചോദിക്കാതെയും പലതും അത് അർഹിക്കുന്നവന് ഈശോ നൽകിയിട്ടില്ലേ? വി. ലൂക്കായുടെ സുവിശേഷത്തിൽ നായിമിലെ വിധവയുടെ മകനെ ഉയിർപ്പിക്കുന്നത് അത്തരം ഒരു സന്ദർഭമാണ്.

കഫർണാമിൽ വെച്ച് ശതാധിപന്റെ ഭൃത്യനെ സുഖപ്പെടുത്തിയ യേശു അതിനുശേഷം നായിൻ എന്ന പട്ടണത്തിലേക്കു പോയി എന്ന് ലൂക്കാ 7-ാം അദ്ധ്യായം 11-ാം വാക്യത്തിൽ പറഞ്ഞുതുടങ്ങുന്നു. അവൻ നഗരകവാടത്തിനടുത്തെത്തിയപ്പോൾ മരിച്ചുപോയ ഒരുവനെ ചിലർ എടുത്തുകൊണ്ടുവരുന്നു. മൃതശരീരത്തിനെ അനുഗമിച്ചുകൊണ്ട് വലിയൊരു ജനക്കൂട്ടവും മരിച്ചുകിടക്കുന്ന യുവാവിന്റെ അമ്മയുമുണ്ട്. ആ അമ്മ വിധവയാണ്. അവളുടെ ഏക ആശ്രയമായിരുന്നു ആ മകൻ.

നഗരകവാടത്തിലേക്കു നടന്നടുക്കുന്ന യേശുവിനൊപ്പം ശിഷ്യന്മാരും വലിയൊരു ജനക്കൂട്ടവുമുണ്ട്. യേശു ആ വിധവയെ കാണുന്നു. അവന്റെ മനസ്സലിഞ്ഞു. കരയേണ്ട എന്ന ഒറ്റവാക്കുമാത്രം. പിന്നീട് എന്തുണ്ടായി? യേശു മുന്നോട്ടുചെന്ന് ശവമഞ്ചത്തിൽ തൊട്ടു. മഞ്ചലേറ്റിയിരുന്നവർ നിന്നു. "യുവാവേ, ഞാൻ നിന്നോടുപറയുന്നു, എഴുന്നേൽക്കുക." മരിച്ചവൻ ഉടനെ എഴുന്നേറ്റിരുന്നു. അവൻ സംസാരിക്കാൻ തുടങ്ങി. യേശു അവനെ അമ്മയ്ക്ക് ഏൽപ്പിച്ചുകൊടുത്തു.

ആ വിധവ യേശുവിനോട് തന്റെ മകനെ ഉയിർപ്പിക്കണമെന്ന് ആവശ്യപ്പെട്ടില്ല. ഒന്നുംതന്നെ യേശുവിനോട് പറയുന്നുമില്ല. പക്ഷേ അവളെ കണ്ടമാത്രയിൽ യേശുവിന്റെ മനസ്സലിഞ്ഞു. അവൾ ചോദിക്കാതെ തന്നെ അവളുടെ ആഗ്രഹം സാധിച്ചുകൊടുത്തു.

അല്ലെങ്കിൽ യേശു എന്തിനാണ് നായിനിലേക്ക് പോയത്? ഇതിനു വേണ്ടി മാത്രം! നഗരകവാടത്തിൽ വെച്ചാണ് ഈ സംഭവം നടക്കുന്നത്. ആ മൃതശരീരം സംസ്കരിക്കാൻ കൊണ്ടുപോകുന്നതായിരിക്കും. ആ യുവാവിനെ ജീവനോടെ അമ്മയെ ഏൽപ്പിച്ച യേശു പിന്നീട് നഗരകവാടം കടന്ന് പട്ടണത്തിലേക്ക് പോകുന്നു എന്നത് സുവിശേഷത്തിൽ പറയുന്നില്ല. അപ്പോൾ യേശുവിന്റെ നായിനിലേക്കുള്ള യാത്ര ഈ വിധവയുടെ ആഗ്രഹം സാധിച്ചുകൊടുക്കാൻവേണ്ടി മാത്രം.

അതെ! യേശു നമ്മുടെ പിറകേ നടക്കുന്നുണ്ട്. യേശു നമ്മുടെ ആവശ്യങ്ങൾ കാണുന്നുണ്ട്. നമ്മുടെ നന്മയ്ക്കുപകരിക്കുമെങ്കിൽ യേശു അത് നമ്മൾ ചോദിക്കാതെ തന്നെ നിറവേറ്റിത്തരും, ഉറപ്പ്.

# Kshema Nidhi 2023 - December

| No | Name of the Unit | Total | Unit | Church |
|---|---|---|---|---|
| 1 | St. Alphonsa | | | |
| 2 | St. Anne's | 5220 | 522 | 4698 |
| 3 | St.Antony | | | |
| 4 | Evuprasya | | | |
| 5 | St.George | 1460 | 146 | 1314 |
| 6 | St.Gonsala | 4400 | 440 | 3960 |
| 7 | St.Ignatius | | | |
| 8 | St.Joseph | | | |
| 9 | St.Martin | 2920 | 292 | 2628 |
| 10 | St,Mary's | | | |
| 11 | Mother Theressa | 2025 | 205 | 1820 |
| 12 | St.Paius | | | |
| 13 | St.Sebastin | 2550 | 255 | 2295 |
| 14 | St.Thomas | | | |
| 15 | St.Xavier | 6100 | 610 | 5490 |
| 16 | Nirmalalayam | | | 200 |




## പഴയനിയമം പ്രഭാഷകൻ 41, 42, 43, 44, 45

### കത്തോലിക്കസഭ ആധാരമാക്കി തയ്യാറാക്കിയത്

1. വലിയ അച്ചൻ എന്ന സ്ഥാനപ്പേരിൽ അറിയപ്പെടുന്ന വിശുദ്ധൻ?
2. മോശയുടെ സഹോദരൻ ആര്?
3. പിതാവിനെ ജാഗരൂകതയുള്ളവനാക്കുന്നത് ആര്?
4. ക്രിസ്തുമസ്സ് റീത്ത് എന്തിനെ സൂചിപ്പിക്കുന്നു?
5. ഉത്സവദിനങ്ങൾ ആരെ നോക്കി നിർണ്ണയിക്കുന്നു?
6. കർത്താവിനെ പ്രീതിപ്പെടുത്തിയതിനാൽ ഉന്നതത്തിലേക്ക് സംവഹിക്കപ്പെട്ടത് ആര്?
7. വത്തിക്കാനിൽ ആദ്യമായി പ്രദർശിപ്പിച്ച മലയാള സിനിമയുടെ നിർമ്മാതാവ് ആരാണ്?
8. എങ്ങിനെയാണ് അവിടന്ന് ഭൂമിയെ ശാസിക്കുന്നത്?
9. എന്താണ് അഹറോന്റെ ഓഹരിയും അവകാശവും?
10. വിശുദ്ധർക്കു നൽകുന്ന വണക്കത്തെ ദൈവശാസ്ത്രത്തിൽ എങ്ങിനെ വിശേഷിപ്പിക്കുന്നു?

## ക്വിസ് 10 ഉത്തരങ്ങൾ

1. ദൈവഭയമില്ലാത്തവന്റെ സന്തതി
2. വ്യഗ്രതകൾ
3. മുദ്ര
4. അനാഥന്റെ പ്രാർത്ഥന
5. കർത്താവിന്റെ കരുണ
6. സദുപദേശം
7. ഒരു സൈന്യാധിപന്റെ കത്ത്.
8. ധന്യ ബലിക്ക്
9. ബാലചന്ദ്രൻ ചുള്ളിക്കാട്
10. ബുധനാഴ്ച കൂട്ടായ്മ

## ക്വിസ് വിജയികൾ 10/10

1. ഷീല ഡേവിസ്
2. സ്നോയിൽ സനിൽ
3. ഡോമിനിക്ക് റാഫേൽ
4. ജോയ്സി ജോർജ്ജ്
5. ബിജു പൗലോസ്
6. ലൈസ തോംസൺ
7. ഫിന്നി പി.റ്റി.
8. ഡേവീസ് ഇ.ജെ.
9. സിസിലി സി.ഡി.
10. ബീന മോഹൻ

9/10

1. റോസി ഫ്രാൻസീസ്

# കളറിംഗ് മത്സരം



പേര്..................................................................ക്ലാസ്.................................

കുടുംബകൂട്ടായ്മ......................................ഫോൺ......................................

**പങ്കെടുക്കേണ്ട വിഭാഗങ്ങൾ 1. LKG & UKG, 2. LP , 3. UP,**

## മത്സര വിജയികൾ

**1. LKG & UKG**

**Ist മരിയ ജോൺ തറയിൽ**
സെന്റ്. ആൻസ്

**IInd ബെർണീസ് സ്റ്റീഫൻ**
സെന്റ്. ജോസഫ്

**2. LP**

**Ist ഐൻസ്റ്റിൻ ജോയ്**
സെന്റ്. അൽഫോൻസ

**IInd സ്നോവിൻ സനിൽ**
സെന്റ്. പയസ്സ്

**3. UP**

**Ist അന്ന ജീന ജോബി**
സെന്റ്. ആൻസ്

**2nd സെറ...........**
സെന്റ്.ആന്റണീസ്

# ബൈബിൾ വായനകൾ



## ജനുവരി–2024

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | **1**<br>ഏശ 52:7–12<br>എഫേ 4:17–24<br>മത്താ 6:25–34 | **2**<br>ഹെബ്രാ 3:1–6<br>യോഹ 1:19–28 | **3**<br>1 കോറി 3:5–9<br>21–23<br>ലൂക്കാ 11:27–32 | **4**<br>റോമാ 3:21–26<br>ലൂക്കാ 3:1–9 | **5**<br>റോമാ 16:17–20<br>25–27<br>ലൂക്കാ 1:39–45 | **6**<br>2 തിമോ 1:6–10<br>മർക്കോ 1:1–11 |
| **7**<br>2 പത്രോ 1:16–21<br>യോഹ 1:45–51 | **8**<br>2 കോറി 12:1–10<br>മത്താ 4:1–11 | **9**<br>റോമാ 1:13–17<br>ലൂക്കാ 4:14–22 | **10**<br>2 തിമോ 3:10–17<br>ലൂക്കാ 4:23–30 | **11**<br>ഫിലി 1:12–18<br>യോഹ 3:22–30 | **12**<br>ശ്ലീഹ 12:1–11<br>മത്താ 14:1–12 | **13**<br>വെളി 4:1–8<br>ലൂക്കാ 7:18–23 |
| **14**<br>പുറ 3:9–16<br>വെളി 1:4–8<br>യോഹ 8:21–30 | **15**<br>എഫേ 1:15–23<br>യോഹ 3:31–36 | **16**<br>1 യോഹ 3:1–10<br>മർക്കോ 1:21–28 | **17**<br>വെളി 19:5–10<br>യോഹ 2:1–12 | **18**<br>1 കോറി 6:12–20<br>യോഹ 2:13–25 | **19**<br>ഗലാ 1:11–24<br>യോഹ 21:15–19 | **20**<br>ഫിലി 2:5–11<br>മത്താ 11:25–30 |
| **21**<br>ഏശ 41:8–16<br>ഫിലി 3:4–16<br>മർക്കോ 3:7–19 | **22**<br>യൂദാ 1:20–25<br>മത്താ 9:9–13 | **23**<br>യാക്കോ 5:13–20<br>യോഹ 1:29–34 | **24**<br>1 പത്രോ 4:1–11<br>ലൂക്കാ 7:36–50 | **25**<br>3 യോഹ 1:1–8<br>ലൂക്കാ 15:1–10 | **26**<br>1 തിമോ 6:11–16<br>മത്താ 16:24–27 | **27**<br>റോമാ 10:5–13<br>മർക്കോ 1:40–45 |
| **28**<br>2 രാജാ 17:24–28<br>ഹെബ്രാ 6:1–12<br>യോഹ 4:1–26 | **29**<br>2 കോറി 5:17–21<br>യോഹ 4:27–30<br>39–42 | **30**<br>1 തെസ 1:2–6<br>യോഹ 8:37–47 | **31**<br>1 കോറി 7:29–35<br>ലൂക്കാ 10:38–42 | | | |

# ഇടവകയുടെ അഭിനന്ദനങ്ങൾ







**ഫ്രാൻസി ആന്റണി വള്ളുകുളം**
ഓൾ ഇൻന്ത്യ കാത്തലിക് യൂണിയൻ
സ്റ്റേറ്റ് സെക്രട്ടറി

**ഫിനി** (സെന്റ് ആൻസ് ഇൻസ്റ്റിട്യൂട്ട്)
തൃശ്ശൂർ അതിരൂപതാ തലത്തിൽ
ലോഗോസ് ക്വിസ് 4-ാം റാങ്ക്




# REHOBOTH AMERICAN ELECTROLYSIS

Ladies Only

S.H. Shopping Complex, Room No. 1/336
Near Nadathara Byepass, Nadathara P.O.,
Thrissur-680 751

**അമിത രോമവളർച്ചയ്ക്ക ഫലപ്രദമായ ചികിത്സ**
**ഇലക്ട്രോളിസിസ് ട്രീറ്റ്മെന്റിലൂടെ**

സ്ത്രീകൾക്ക് മാത്രം

* ഗ്യാരിണ്ടിയോടുകൂടി
* വേദനയില്ലാതെ
* മിതമായ നിരക്കിൽ
* പാർശ്വഫലങ്ങളില്ലാതെ
* അമേരിക്കൻ സാങ്കേതിക വിദ്യ

* Guaranteed Treatment
* Painiess Treatment
* Affordable Price
* No. Side Effect
* Proven American Technology
* Permanent Face & Body Hair Removal



*Say Goodbye To UnWanted Hair*

For Booking
9778431253
8113834379



തൃശ്ശൂർ വെസ്റ്റ് ഫോർട്ട്
സെന്റ് ആൻസ് ദൈവാലയത്തിൽ
ഇടവക ജനങ്ങൾ ഒരുക്കുന്ന
നാടകം
100ൽ പരം
കലാകാരന്മാർ
അഭിനയിക്കുന്ന
ചരിത്ര നാടകം
11 ഫെബ്രുവരി
2024 ഞായർ
വൈകീട്ട് 7 ന്
പള്ളിയങ്കണത്തിൽ
സൈന്യാധിപൻ
HISTORY OF A POWERFUL SOLDIER
രചന, സംവിധാനം : ഫാ. ഫിജോ ജോസഫ് ആലപ്പാടൻ
NIRMALA hiprint, tsr 2387393